# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

## കാവാലം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

**2023-2024**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**ആലപ്പുഴ-688001**

**ഇ-മെയിൽ: ddhglfalpy@gmail.com**
**ഫോൺ : 0477-2252753**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ-എ.എൽ.പി/പി 10 - 1097/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയതി: 24/12/2024
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കാവാലം ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : കാവാലം ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കാവാലം ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ-എ.എൽ.പി/പി 10 - 1097/2024 തീയ്യതി: 24/12/2024

# ആലപ്പുഴ ജില്ലയിലെ കാവാലം ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ കാവാലം ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 16-11-2023 മുതൽ 31-03-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 22 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

# (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

## ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ലിജിലാൽ ബി. | ഡെപ്യൂട്ടി ഡയറക്ടർ | 29-11-2024 | 07-12-2024 |

## ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 29-11-2024 | 07-12-2024 |

## ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.സാബു പി., ഓഡിറ്റ് ഓഫീസർ (ഹയർ ഗ്രേഡ്)
ശ്രീമതി ജാകലിൻ പി.ഡബ്ലിയു., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ (29.11.2024 വരെ)
ശ്രീമതി ശ്രീദേവി ആർ., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി രാജിമോൾ പി.സി., സീനിയർ ഗ്രേഡ് ഓഡിറ്റർ (03.12.2024 മുതൽ)
ശ്രീ.സുനിൽ കെ.ബി., സീനിയർ ഗ്രേഡ് ഓഡിറ്റർ

# (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ജോഷിമോൻ ജോസഫ് | പ്രസിഡന്റ് | 01-04-2023 | 31-03-2024 |
| ഇ. ക്ലീറ്റസ് | സെക്രട്ടറി | 01-04-2023 | 05-07-2023 |
| വിനോദ്കുമാർ കെ. ആർ. | സെക്രട്ടറി | 06-07-2023 | 10-07-2023 |

| | | | |
|---|---|---|---|
| സബീന എസ് | സെക്രട്ടറി | 11-07-2023 | 22-09-2023 |
| ശൈലേഷ് കുമാർ കെ | സെക്രട്ടറി | 23-09-2023 | 02-10-2023 |
| ദീപ്തി നായർ | സെക്രട്ടറി | 03-10-2023 | 30-11-2023 |
| മനു എസ് | സെക്രട്ടറി | 01-12-2023 | 06-01-2024 |
| ശൈലേഷ് കുമാർ കെ | സെക്രട്ടറി | 07-01-2024 | 25-02-2024 |
| സിറോഷ് എസ് | സെക്രട്ടറി | 26-02-2024 | 31-03-2024 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| അശ്വനി കെ. എസ്. | കൃഷി ഓഫീസർ | 01-04-2023 | 31-03-2024 |
| ഡോ.ദീപ ജേക്കബ് | വെറ്ററിനറി സർജൻ | 01-04-2023 | 31-03-2024 |
| ഡോ. നിതുൻ കബീർ | മെഡിക്കൽ ഓഫീസർ(പി എച്ച് സി ) | 01-04-2023 | 29-06-2023 |
| ഡോ. സംഗീത എസ്. വി. | മെഡിക്കൽ ഓഫീസർ(പി എച്ച് സി) | 30-06-2023 | 31-03-2024 |
| ഡോ. ഷീജാബീവി എസ് | മെഡിക്കൽ ഓഫീസർ, (ആയുർവേദം) | 01-04-2023 | 31-03-2024 |
| പ്രമേദ് എം | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2023 | 31-03-2024 |
| ലക്ഷ്മി വി | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2023 | 31-03-2024 |

| | | | |
|---|---|---|---|
| സിന്ധുകുമാരി | ഹെഡ്മിസ്ട്രസ്, ഗവ.എൽ. പി എസ് | 01-04-2023 | 31-03-2024 |
| നിമ്മി ഷാജി | അസിസ്റ്റന്റ് എഞ്ചിനിയർ, എൽ എസ് ജി ഡി | 01-04-2023 | 31-03-2024 |
| സിനി എസ്. നായർ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2023 | 31-03-2024 |
| കരൺ എം.ഡി. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2023 | 04-07-2023 |
| വിനോദ് കുമാർ കെ.ആർ | അസിസ്റ്റന്റ് സെക്രട്ടറി | 05-07-2023 | 20-07-2023 |
| ശൈലേഷ് കുമാർ കെ | അസിസ്റ്റന്റ് സെക്രട്ടറി | 21-07-2023 | 31-03-2024 |

# ഉള്ളടക്കം

| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | പാസ്ബുക്ക്/ബാങ്ക് സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനാൽ വിവിധ അക്കൗണ്ടുകളിലെ നീക്കിയിരിപ്പിന്റെ കൃത്യത ഉറപ്പാക്കാൻ സാധിച്ചില്ല | 1-1-1 |
| 3 | വാർഷികകണക്ക്, ബാങ്ക് സ്റ്റേറ്റ്മെന്റ്, റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് എന്നിവ പൊരുത്തപ്പെടുന്നില്ല | 1-1-2 |
| 4 | തൊഴിൽ നികുതി, ലൈസൻസ് എന്നിവയുടെ രജിസ്റ്റർ പ്രകാരമുള്ള കളക്ഷൻ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല | 1-1-3 |
| 5 | രജിസ്റ്ററുകൾ കൃത്യമാക്കി സംക്ഷിപ്തം എഴുതി സൂക്ഷിക്കുന്നില്ല | 1-1-4 |
| 6 | മുൻകൂറായി ലഭിക്കുന്ന ലേല തുക അക്രൂവൽ അടിസ്ഥാനത്തിൽ രേഖപ്പെടുത്തുന്നില്ല | 1-1-5 |
| 7 | സംയുക്ത പ്രോജക്ടുകളുടെ ചെലവ് വാർഷിക കണക്കും സുലേഖ പത്രികയുമായി പൊരുത്തപ്പെടുന്നില്ല | 1-1-6 |
| 8 | വസ്തു നികുതി സഞ്ചയ പ്രകാരമുള്ള ഡി.സി.ബി തുക എ.എഫ്.എസ് ലെ തുകയുമായി പൊരുത്തപ്പെടുന്നില്ല | 1-1-7 |
| 9 | അക്കൗണ്ട് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല | 1-1-8 |
| 10 | ലൈഫ് ലോൺ തുക - ബാലൻസ് ഷീറ്റ് B-5, B-16 എന്നിവയിലെ വ്യത്യാസം വിശദീകരിച്ചിട്ടില്ല | 1-1-9 |
| 11 | ബജറ്റ് | 1-2 |
| 12 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 13 | ഫണ്ട് വിനിയോഗം (എ.സി.ആർ, സ്രോതസ്സിൽ കുറവ് ചെയ്ത തുകകൾ എന്നിവ പരിഗണിച്ച്) | 1-4 |

| | | |
|---|---|---|
| 14 | പദ്ധതി അവലോകനം | 1-5 |
| 15 | ക്ഷേമ പദ്ധതികൾ | 1-6 |
| 16 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 17 | ക്യാഷ് വേരിഫിക്കേഷൻ | 1-8 |
| 18 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 19 | തട്ടാശ്ശരി ജങ്കാർ കടവ് കടത്ത് ഇൻകം ടാക്സ് ഇനത്തിൽ 4,180/-രൂപ അടവാക്കി.-ഓഡിറ്റ് ഇംപാക്റ്റ് | 1-10 |
| 20 | തൊഴിൽ നികുതി അടവാക്കിയില്ല | 1-11 |
| 21 | സ്ഥാപന നികുതി അടവാക്കിയില്ല | 1-12 |
| 22 | തട്ടാശ്ശരിയിലെ ജങ്കാർ, വിവിധ കടത്തുകൾ എന്നിവയിലെ നടത്തിപ്പിൽ നിരവധി അപാകതകൾ | 1-13 |
| 23 | ലൈബ്രറി സെസ്സ് അടവാക്കിയില്ല | 1-14 |
| 24 | ക്വട്ടേഷൻ/ടെണ്ടർ ക്ഷണിക്കാതെ പർച്ചേസ് നടത്തുന്നു | 1-15 |
| 25 | എസ്റ്റിമേറ്റ്/ വാല്യുവേഷൻ ഇല്ലാതെ പ്രവൃത്തി നടത്തി | 1-16 |
| 26 | അഭയം മാനസിക ആരോഗ്യ പദ്ധതി- നിർവ്വഹണത്തിലെ അപാകങ്ങൾ | 1-17 |
| 27 | ഭവന പുനരുദ്ധാരണം-മുൻകൂർ കൈപ്പറ്റിയ ഗുണഭോക്താവ് നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല | 1-18 |
| 28 | കാലിത്തീറ്റ/പാൽ സബ്സിഡി, ധാതുലവണ മിശ്രിതം നൽകൽ ഗുണഭോക്തൃലിസ്റ്റുകൾക്ക് ഗ്രാമസഭയുടെ അംഗീകാരം വാങ്ങിയില്ല | 1-19 |
| 29 | ലൈഫ് ഭവന നിർമ്മാണം-അഡ്വാൻസ് കൈപ്പറ്റി നിർമ്മാണം ആരംഭിക്കാത്ത ഗുണഭോക്താക്കളുടെ വിവരം | 1-20 |
| 30 | ധനവിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 1-21 |
| 31 | നടപടി ക്രമങ്ങൾ പാലിക്കാതെ പി.എച്ച്.സി. യിലേക്ക് മരുന്ന് വാങ്ങുന്നു | 1-22 |
| 32 | MGNREGS-ഭാഗികമായി ചെയ്ത പ്രവൃത്തിക്ക് എസ്റ്റിമേറ്റ് പ്രകാരമുള്ള മുഴുവൻ തൊഴിൽ ദിനവും അനുവദിച്ചു | 1-23 |

| | | |
|---|---|---|
| 33 | ഇൻഷ്വറൻസ് പോളിസി എടുക്കാത്ത കരാറുകാരിൽ നിന്നും പിഴ ഈടാക്കിയില്ല | 1-24 |
| 34 | അസിസ്റ്റന്റ് എൻജിനീയർ ഏറ്റെടുത്ത പ്രവൃത്തികളിൽ ഭൂരിഭാഗവും സ്പിൽ ഓവറാകുന്നു-ഗുണഭോക്താക്കൾക്ക് പദ്ധതി ആനുകൂല്യം വൈകുന്നതിന് കാരണമാകുന്നു | 1-25 |
| 35 | ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ- കേരളത്തിലെ മാലിന്യ സംസ്കരണം ഹരിതകർമ്മസേനയിലൂടെ - അവലോകനം | 1-26 |
| **ഭാഗം 2** | | |
| 1 | തൊഴിൽ നികുതി അടവാക്കിയില്ല | 2-1 |
| 2 | സ്ഥാപന തൊഴിൽ നികുതി അടക്കിയില്ല | 2-2 |
| **ഭാഗം 3** | | |
| 1 | ജി.എസ്.ടി മാത്രം രേഖപ്പെടുത്തിയ ബില്ലിന്റെ അടിസ്ഥാനത്തിൽ 5,472/- രൂപ നൽകി | 3-1 |
| 2 | MGNREGS-ഭാഗികമായി ചെയ്ത പ്രവൃത്തിക്ക് എസ്റ്റിമേറ്റ് പ്രകാരമുള്ള മുഴുവൻ തൊഴിൽ ദിനവും അനുവദിച്ചു | 3-2 |
| 3 | ഇൻഷ്വറൻസ് പോളിസി എടുക്കാത്ത കരാറുകാരിൽ നിന്നും പിഴ ഈടാക്കിയില്ല | 3-3 |
| **ഭാഗം 4** | | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ / വായ്പാതിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |

| | | |
|---|---|---|
| 8 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4-10 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I) കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൌണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാനവൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 20.06.2024 ലെ 2-ാം നമ്പർ കമ്മറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 27.06.2024-ൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള കാവാലം ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2024 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2024 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൌണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൌണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

II) കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C & AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൌണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൌണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ

ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

III) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൌണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

## വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, കാവാലം ഗ്രാമപഞ്ചായത്തിന്റെ 2023-24 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

## 1-1-1 പാസ്ബുക്ക്/ബാങ്ക് സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനാൽ വിവിധ അക്കൗണ്ടുകളിലെ നീക്കിയിരിപ്പിന്റെ കൃത്യത ഉറപ്പാക്കാൻ സാധിച്ചില്ല

ചുവടെ ചേർത്തിരിക്കുന്ന അക്കൗണ്ടുകളുടെ പാസ്ബുക്ക്/ബാങ്ക് സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

(A)State Bank Of India-(A /C No. 67094840410)

(B)State Bank Of India-( A /C No. 67197510893)

(C) State Bank Of India-(A /C No. 67312091657)

(D) Co- Operative Bank Account Of Own Revenue Fund (A /C No. 40471047000002)

(E) Kerala State Co- Operative Bank Ltd.-Extreme Pooverty

(A /C No. 40471047000003)

ന്യൂനതയ്ക്ക് കാരണം ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 16.06.12.24) മറുപടി ലഭിച്ചില്ല.

## 1-1-2 വാർഷികകണക്ക്, ബാങ്ക് സ്റ്റേറ്റ്മെന്റ്, റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് എന്നിവ പൊരുത്തപ്പെടുന്നില്ല

(എ) 2011 ലെ കേരളപഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 57 പ്രകാരം ബാങ്ക് ബുക്കുകളിലെ നീക്കിയിരിപ്പുകൾ ഓരോമാസത്തിന്റെയും അവസാനം ലഭിക്കുന്ന ബാങ്ക്/ ട്രഷറി അക്കൗണ്ട് ബാലൻസ് സ്റ്റേറ്റുമെന്റുകളിലെ നീക്കിയിരുപ്പുമായി പൊരുത്തപ്പെടുത്തേണ്ടതാണ്. എന്നാൽ തനത് ഫണ്ടിന്റെ കേരള ബാങ്ക്അക്കൌണ്ട് നീക്കിയിരിപ്പും ബാങ്ക് ബുക്കിലെ നീക്കിയിരിപ്പും ഇപ്രകാരം പൊരുത്തപ്പെടുത്തിയിട്ടില്ല. വാർഷിക ധനകാര്യപത്രികയിലെ ഷെഡ്യൂൾ - RP-40(B) പ്രകാരം തനത് ഫണ്ടിന്റെ കേരള സ്റ്റേറ്റ് കോ ഓപ്പറേറ്റീവ് ബാങ്ക്അക്കൌണ്ട് (നം.112531280100019) നീക്കിയിരിപ്പ് 1,81,332/- ആണ് . എന്നാൽ റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം ബാങ്ക് ബുക്കിലെ നീക്കിയിരിപ്പ് പൂജ്യം ആണ്.

(ബി) റീകൺസിലിയേഷന് ശേഷമുള്ള ധനകാര്യകമ്മീഷൻ ഗ്രാന്റിന്റെ ബാങ്ക്ബുക്ക് നീക്കിയിരിപ്പ്, ബാലൻസ് ഷീറ്റ് B-4 ഷെഡ്യൂളിലെ നീക്കിയിരുപ്പുമായി പൊരുത്തപ്പെടുന്നില്ല. ധനകാര്യകമ്മീഷൻ ഗ്രാന്റ് ഫെഡറൽബാങ്ക് അക്കൗണ്ട് (10530100176480) ന്റെ നീക്കിയിരിപ്പ് RP40 (B) യിൽ 54,63,321.00, ബാങ്ക് ബുക്കിലെ റീകൺസിലിയേഷന് ശേഷമുള്ള നീക്കിയിരിപ്പ് 29,86,193, ബാലൻസ് ഷീറ്റ് B-4 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് 19,82,566 ഇവ തമ്മിൽ

പൊരുത്തപ്പെടുന്നില്ല. ന്യൂനതയ്ക്ക് കാരണം ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (16/06.12.2024) മറുപടി ലഭിച്ചില്ല.

**<u>1-1-3 തൊഴിൽ നികുതി, ലൈസൻസ് എന്നിവയുടെ രജിസ്റ്റർ പ്രകാരമുള്ള കളക്ഷൻ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല</u>**

ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി, ലൈസൻസ് എന്നിവയുടെ രജിസ്റ്റർ പ്രകാരമുള്ള വരവ് തുകകൾ വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തിയിരിക്കുന്ന വരവ് തുകകളുമായി പൊരുത്തപ്പെടുന്നില്ല.

**<u>1-1-4 രജിസ്റ്ററുകൾ കൃത്യമാക്കി സംക്ഷിപ്തം എഴുതി സൂക്ഷിക്കുന്നില്ല</u>**

തൊഴിൽ നികുതി (ട്രേഡ്സ്) രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ, വായ്പാ രജിസ്റ്റർ എന്നിവ കൃത്യമാക്കി സംക്ഷിപ്തം എഴുതി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വാർഷിക കണക്ക് പ്രകാരം ഈയിനങ്ങളിലുള്ള വരവിന്റെ കൃത്യത പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

**<u>1-1-5 മുൻകൂറായി ലഭിക്കുന്ന ലേല തുക അക്രൂവൽ അടിസ്ഥാനത്തിൽ രേഖപ്പെടുത്തുന്നില്ല</u>**

മുൻകൂറായി ലഭിക്കുന്ന ലേല തുക അക്രൂവൽ അടിസ്ഥാനത്തിൽ രേഖപ്പെടുത്താതെ തൻവർഷത്തെ വരവായാണ് വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. തൻമൂലം ബാലൻസ് ഷീറ്റിൽ ഇത് പ്രതിഫലിക്കപ്പെടുന്നില്ല.

**<u>1-1-6 സംയുക്ത പ്രോജക്ടുകളുടെ ചെലവ് വാർഷിക കണക്കും സുലേഖ പത്രികയുമായി പൊരുത്തപ്പെടുന്നില്ല</u>**

സംയുക്ത പ്രോജക്ടുകൾക്കുള്ള ബ്ലോക്ക് പഞ്ചായത്ത് ചെലവ് സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം 40,32,012 /- രൂപയാണ് എന്നാൽ വാർഷിക കണക്ക് പ്രകാരം 22,72,012 /- രൂപയാണ് തുക പൊരുത്തപ്പെടുന്നില്ല.

**1-1-7 വസ്തു നികുതി സഞ്ചയ പ്രകാരമുള്ള ഡി.സി.ബി തുക എ.എഫ്.എസ് ലെ തുകയുമായി പൊരുത്തപ്പെടുന്നില്ല**

വസ്തു നികുതി സഞ്ചയ പ്രകാരമുള്ള ഡി.സി.ബി യും എ.എഫ്.എസ് പ്രകാരമുള്ള ഡി.സി.ബി യും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

**1-1-8 അക്കൗണ്ട് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല**

2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 62-2(ഇ) പ്രകാരമുള്ള അക്കൗണ്ടിന്മേലുള്ള കുറിപ്പുകൾ, ചട്ടം 62-2 (എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ എന്നിവ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല.

**1-1-9 ലൈഫ് ലോൺ തുക - ബാലൻസ് ഷീറ്റ് B-5, B-16 എന്നിവയിലെ വ്യത്യാസം വിശദീകരിച്ചിട്ടില്ല**

ലൈഫ് ലോൺ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക - ബാലൻസ് ഷീറ്റ് B-5 പ്രകാരം 95,48,289/- രൂപയാണ് എന്നാൽ B-16 പ്രകാരം 92,28,054/- രൂപയാണ്. 3,20,235/- രൂപയുടെ വ്യത്യാസം വിശദീകരിച്ചിട്ടില്ല.

**1-2 ബജറ്റ്**

2023-24 വർഷത്തെ ബജറ്റ് 21.03.2023 തീയതിയിലെ 1(1)-ാംനമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. തുടർന്ന് 07.02.24 ലെ 1-ാം നമ്പർ തീരുമാന പ്രകാരം പരിഷ്കരിച്ചു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 16,29,56,453 | 18,42,76,365 |
| വാർഷിക കണക്ക് പ്രകാരം (ഇൻകം & എക്സ്പെൻറിച്ചർ പത്രിക പ്രകാരം) | 12,63,90,651 | 13,39,88,044 |

**1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെൻറ് പ്രകാരം)**

| | |
|---|---|
| മുന്നിരിപ്പ് | 56,15,133 |
| വരവ് | 2,60,47,210 |
| ആകെ | 31,66,233 |
| ചെലവ് | 2,38,13,664 |
| നീക്കിയിരിപ്പ് | 78,48,679 |

## 1-4 ഫണ്ട് വിനിയോഗം (എ.സി.ആർ, സ്രോതസ്സിൽ കുറവ് ചെയ്ത തുകകൾ എന്നിവ പരിഗണിച്ച്)

| ഫണ്ടിനം | മുൻബാക്കി | അലോട്ട്മെന്റ് വരവ് | സ്രോതസ്സിൽ കുറവ് ചെയ്തത തുക | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സ്ഡ്) |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതു വിഭാഗം | 0 | 1,22,44,670 | 29,86,060 | 1,52,30,730 | 1,06,77,311 | 45,53,419 (ലാപ്സ്ഡ്) |
| വികസനഫണ്ട് എസ്.സി.പി | 0 | 25,45,351 | 69,749 | 2,61,51,000 | 20,74,113 | 5,40,987 (ലാപ്സ്ഡ്) |
| വികസനഫണ്ട് ടി എസ് പി | 0 | 0 | 0 | 0 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് റോഡ് | 0 | 56,76,000 | 0 | 56,76,000 | 31,84,072 | 24,91,928 (ലാപ്സ്ഡ്) |
| സംരക്ഷണ ഗ്രാന്റ് നോൺറോഡ് | 0 | 30,52,000 | 0 | 30,52,000 | 27,99,477 | 2,52,523 (ലാപ്സ്ഡ്) |
| 15-ാം ധനകാര്യ കമ്മീഷൻ | 30,526 | 23,98,028 (പലിശ | 0 | 24,28,554 | 19,07,811 | 5,20,743(ബാങ്ക്) |

| | | | | | | |
|---|---|---|---|---|---|---|
| ഗ്രാന്റ് അൺടൈഡ് ബാങ്ക് | | 62,028 ഉൾപ്പടെ) | | | | |
| 15-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ടൈഡ് ബാങ്ക് | 7,58,242 | 17,52,500 | 0 | 25,10,742 | 10,48,919 | 14,61,823(ബാങ്ക്) |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്കുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്-ശതമാനം |
|---|---|---|---|---|---|---|
| 141 | 8,64,04,382 | 48 | 3,32,86,651 | 45 | 48 | 34.04% |

## 1-6 ക്ഷേമ പദ്ധതികൾ

സംസ്ഥാന സർക്കാരിന്റെ ക്ഷേമപദ്ധതികളുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 1,07,46,600 | 984 |
| വിധവാ പെൻഷൻ | 46,65,700 | 445 |

| | | |
|---|---|---|
| വാർദ്ധക്യകാല പെൻഷൻ | 93,03,800 | 969 |
| വികലാംഗ പെൻഷൻ | 22,75,200 | 201 |
| അവിവാഹിത പെൻഷൻ | 4,33,600 | 39 |
| വിവാഹ ധനസഹായം | 30,000 | 1 |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 617 | 17,37,415 | 17,38,032 | 17,37,265 | 767 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | | 5,37,42,220 | 5,37,42,220 | 5,37,42,220 | |
| ആകെ* | 617 | 5,54,79,635 | 5,54,80,252 | 5,54,79,485 | 767 |

## 1-8 ക്യാഷ് വേരിഫിക്കേഷൻ

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 29.11.2024 തീയതിയിൽ 03:00 PM സമയത്ത് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തി. പരിശോധനയിൽ 02/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണെങ്കിലും താഴെ ചേർക്കുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1) പഞ്ചായത്തിൽ വിവിധ വ്യാപാരങ്ങളിലും തൊഴിലിലും ഏർപ്പെട്ടിരിക്കുന്നവർക്ക് പെർമനന്റ് ഡിമാന്റ് നമ്പർ നൽകി ഡിമാന്റ് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല.

2) വസ്തുനികുതി ലെഡ്ജറിൽ വർഷാരംഭത്തിലും തുടർന്ന് ഓരോ മാസവും ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല.

3) അഡ്വാൻസ് രജിസ്റ്റർ,ഡെപ്പോസിറ്റ് രജിസ്റ്റർ, വായ്പാ രജിസ്റ്റർ എന്നിവയിൽ വരവ്, ചെലവ് നീക്കിയിരിപ്പ് വിവരങ്ങൾ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല.

4) ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

5) നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കുന്ന പദ്ധതി പ്രവർത്തനങ്ങളുടെ പുരോഗതിയും, ഫലപ്രാപ്തിയും യഥാസമയം വിലയിരുത്തപ്പെടുന്നില്ല. ഗ്രാമപഞ്ചായത്തിലെ വർക്കിംഗ് ഗ്രൂപ്പ് പ്രവർത്തനം കാര്യക്ഷമമല്ല. പദ്ധതി മാർഗ്ഗരേഖ പ്രകാരം വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് സമിതികളായി പ്രവർത്തിക്കേണ്ടതാണ്. എന്നാൽ ഇപ്രകാരമുള്ള പ്രവർത്തനങ്ങൾ വർക്കിംഗ് ഗ്രൂപ്പുകൾ നടത്തിയിട്ടില്ല. നിർവ്വഹണ ഉദ്യോഗസ്ഥരുടെ പ്രോജക്റ്റ് ഫയലുകളിലൊന്നും തന്നെ മോണിട്ടറിംഗ് റിപ്പോർട്ടുകൾ ഉൾപ്പെടുത്തിയിട്ടില്ല.

6) തനത് വരുമാനം തീരെ കുറഞ്ഞ പഞ്ചായത്തിൽ ആയത് വർദ്ധിപ്പിക്കുന്നതിനുള്ള നടപടികളൊന്നും തന്നെ സ്വീകരിച്ചിട്ടില്ല. തൻ വർഷത്തെ ലൈബ്രറിസെസ്സ് തുടങ്ങിയ ഗവൺമെന്റ് കുടിശ്ശികകൾ ഒടുക്കുവാൻ അവശേഷിക്കുന്നു.

മേൽ അപാകതകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## **1-10 തട്ടാശ്ശേരി ജങ്കാർ കടവ് കടത്ത് ഇൻകം ടാക്സ് ഇനത്തിൽ 4,180/-രൂപ അടവാക്കി.- ഓഡിറ്റ് ഇംപാക്റ്റ്**

2023-24 വർഷം കാവാലം ഗ്രാമപഞ്ചായത്തിലെ തട്ടാശ്ശേരി ജങ്കാർ കടവ് കടത്ത് ലേലത്തിന് ചെയ്ത് നൽകിയത് 4,18,000/- രൂപയ്ക്കാണ്. സുധീർ കെ. പുത്തൻപറമ്പിൽ, പെരുമ്പള്ളി ആറാട്ടുപുഴ എന്നയാളാണ് കടത്ത് ലേലത്തിന് എടുത്തിരുന്നത്. 1961-ലെ ഇൻകം ടാക്സ് ആക്ടിലെ സെക്ഷൻ 194 (C) പ്രകാരം ഒറ്റ തവണ ഒരു കോൺട്രാക്ടർക്ക് 30,000/- രൂപയിൽ അധികം നൽകുമ്പോഴോ ഒരു സാമ്പത്തിക വർഷം നൽകുന്ന ആകെ തുക 1,00,000/-രൂപ കവിയുമ്പോഴോ കരാറുകാരന് തുക അനുവദിക്കുമ്പോൾ, വ്യക്തികളാണെങ്കിൽ 1% സ്ഥാപനങ്ങളാണെങ്കിൽ 2% നിരക്കിൽ ആദായ

നികുതി സോഴ്സ് ഡിഡക്ഷൻ നടത്തേണ്ടതാണെന്ന് വ്യവസ്ഥചെയ്തിട്ടുണ്ട്. ഇത് പാലിച്ചിട്ടില്ലായെന്നും 4,180/-രൂപ അടവാക്കേണ്ടതാണെന്നും കാണിച്ച് 11/05.12.2024 നമ്പരായി ഓഡിറ്റ് എൻക്വയറി നല്കിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ രസീത് നം. 1240600513/06.12.2024 പ്രകാരം തുക അടവാക്കിയിട്ടുണ്ട്. ടി തുക കേന്ദ്ര സർക്കാർ അക്കൗണ്ടിലേയ്ക്ക് അടവാക്കേണ്ടതാണ്.

## 1-11 തൊഴിൽ നികുതി അടവാക്കിയില്ല

തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ 2023-24 വർഷം, സാമ്പത്തിക വർഷം ചുവടെ ചേർത്തിട്ടുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നമ്പർ | പേര് | അർദ്ധ വർഷം | ജീവനക്കാരുടെ എണ്ണം * | അടയ്ക്കാനുള്ള തുക * |
|---|---|---|---|---|
| 1. | ബഡ്സ് സ്കൂൾ ഡ്രൈവർ | 1 & 2 | 1 | 2,500/- |
| 2. | പി.&ഫ്രാൻകോ ബ്രിക്സ് | 1 & 2 | 1 | 2,500/- |
| 3. | കോട്ടയ്ക്കൽ ആര്യ വൈദ്യശാല | 1 & 2 | - | - |
| 4. | ടോഡി ഷോപ്പ് (TS No.65) | 2 | 3 | 450 X 3 = 1350/- |
| 5. | ടോഡി ഷോപ്പ് (TS No.66) | 2 | 3 | 450 X 3 = 1350/- |
| 6. | ടോഡി ഷോപ്പ് (TS No.13) | 2 | 1 | 450/- |
| | ആകെ | | | 8,150/- |

*അടയ്ക്കാനുള്ള തുക, ജീവനക്കാരുടെ എണ്ണം എന്നിവ തിട്ടപ്പെടുത്തിയിരിക്കുന്നത് സ്ഥാപനം സൂക്ഷിച്ചിട്ടുള്ള തൊഴിൽ നികുതി രജിസ്റ്ററിനെ ആസ്പദമാക്കിയാണ്.

മേൽ വിഷയത്തിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം - 07/04.12.2024 ന് മറുപടി ലഭ്യമാക്കിയില്ല. അടയ്ക്കുവാനുള്ള തൊഴിൽ നികുതി ഈടാക്കി തനതു ഫണ്ടിൽ അടവാക്കേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-12 സ്ഥാപന നികുതി അടവാക്കിയില്ല

സ്ഥാപന നികുതി രജിസ്റ്റർ പരിശോധിച്ചതിൽ 2023-24 വർഷം താഴെ ചേർത്തിട്ടുള്ള സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന നികുതി ഈടാക്കിയില്ല.

| ക്രമ നമ്പർ | സ്ഥപനത്തിന്റെ പേര് | അർദ്ധവർഷം | അടയ്ക്കാനുള്ള തുക* |
|---|---|---|---|
| 1. | കേരള ബാങ്ക് | 2 | 1,250/- |
| 2. | സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ | 1 & 2 | 2,500/- |
| 3. | കുട്ടനാട് നിധി | 1 & 2 | 2,500/- |
| 4. | മുളമൂട്ടിൽ ഫിനാൻസ് | 1 & 2 | 1,900/- (600/- രൂപ അടവാക്കിയിട്ടുണ്ട്) |
| 5. | മുളമൂട്ടിൽ ഫിനാൻസ് | 1 & 2 | 1,900/- (600/- രൂപ അടവാക്കിയിട്ടുണ്ട്) |
| 6. | മുളമൂട്ടിൽ ഫിനാൻസ് | 1 & 2 | 1,900/- (600/- രൂപ അടവാക്കിയിട്ടുണ്ട്) |
| 7. | മാവേലി സ്റ്റോർ | 1 & 2 | 2,500/- |
| 8 | കള്ള് ഷാപ്പ് TS No.71 | 1 & 2 | 2,500/- |

| | | | |
|---|---|---|---|
| 9 | കള്ള് ഷാപ്പ്TS No.72 | 1 & 2 | 2,500/- |
| 10 | കള്ള് ഷാപ്പ്TS No.65 | 1 & 2 | 2,500/- |
| 11 | കള്ള് ഷാപ്പ് TSNo.66 | 1 & 2 | 2,500/- |
| 12 | കള്ള് ഷാപ്പ്TS No.13 | 1 & 2 | 2,500/- |
| | ആകെ | | 26,700/- |

*അർദ്ധവാർഷിക വരുമാനം സംബന്ധിക്കുന്ന വിവരം സ്ഥാപനം ഹാജരാക്കാത്ത സംഗതിയിൽ പരമാവധി തൊഴിൽ നികുതി കണക്കാക്കിയാണ് ഒടുക്കേണ്ട തുക തയ്യാറാക്കിയത്.

മേൽ വിഷയത്തിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം - 08/04.12.2024 ന് മറുപടി ലഭ്യമാക്കിയില്ല. തുക ഈടാക്കി തനതു ഫണ്ടിൽ അടവാക്കേണ്ടതാണ്. അല്ലാത്ത പക്ഷം ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ ബാദ്ധ്യതയായി നിശ്ചയിക്കുന്നതാണ്.

## 1-13 തട്ടാശ്ശേരിയിലെ ജങ്കാർ, വിവിധ കടത്തുകൾ എന്നിവയിലെ നടത്തിപ്പിൽ നിരവധി അപാകതകൾ

*തട്ടാശ്ശേരി ജങ്കാർ കടവ് കടത്ത്-സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാതെ സർവ്വീസ് നടത്തുന്നു*

കാവാലം ഗ്രാമപഞ്ചായത്തിന്റെ പ്രധാന വരുമാന മാർഗ്ഗങ്ങളിൽ ഒന്നാണ് കടത്തു ലേലം. 2023-24 വർഷം തട്ടാശ്ശേരി ജങ്കാർ കടവ് കടത്ത് മാത്രം ലേലത്തിന് പോയത് 4,18,000/- രൂപയ്ക്കാണ്. സുധീർ കെ. പുത്തൻപറമ്പിൽ, പെരുമ്പള്ളി ആറാട്ടുപുഴ എന്നയാളാണ് കടത്ത് ലേലത്തിന് എടുത്തിട്ടുള്ളത്. എന്നാൽ KIV/ALP/C/0799/11 രജിസ്ട്രേഷനുള്ള ജങ്കാറിന് 30.01.23 ൽ തുറമുഖ വകുപ്പ് നൽകിയ സർട്ടിഫിക്കറ്റ് ഓഫ് സർവ്വേയിൽ (ഫോറം.10) ജങ്കാറിന്റെ ഉടമയായി കാണിച്ചിരിക്കുന്നത് ശ്രീ.ഷിഹാബ് വൈ. കുന്നുകണ്ടത്തിൽ, കായംകുളം എന്നയാളെയാണ്. 16.02.23 ൽ അവസാനിച്ച ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് പോളിസി സർട്ടിഫിക്കറ്റിലും, പബ്ലിക് ലയബിലിറ്റി നോൺ ഇൻഡസ്ട്രീസ് പോളിസിയിലും ശ്രീ.ഷിഹാബിന്റെ പേര് തന്നെയാണ്

ഉൾപ്പെടുത്തിയിട്ടുള്ളത്. എന്നാൽ നിലവിൽ കാലാവധി കഴിഞ്ഞ ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് പോളിസി പുതുക്കിയതായി കാണുന്നില്ല. പബ്ലിക് ലയബിലിറ്റി നോൺ ഇൻഡസ്ട്രീസ് പോളിസി മാത്രമാണ് പുതുക്കിയത്. ആയതിന്റെ കാലാവധി 01.02.2024-ൽ അവസാനിച്ചിട്ടുമുണ്ട്. ഈ പോളിസി ശ്രീ.സുധീർ കെ.യുടെ പേരിലാണ്. (ഇത് യാത്രക്കാർ, ജീവനക്കാർ, വെസ്സൽ, തേർഡ് പാർട്ടി എന്നിവർക്കുള്ള ഫുൾ ഇൻഷുറൻസ് കവറേജ് തുടങ്ങിയവ ഇല്ലാതെ സർവ്വീസ് നടത്താൻ പാടില്ലായെന്ന കരാറിലെ 12-ാം നമ്പർ വ്യവസ്ഥയുടെ ലംഘനമാണ്.) സർട്ടിഫിക്കറ്റ് ഓഫ് സർവ്വേ ഫോറം.10 ൽ രജിസ്ട്രേഷൻ, സർവ്വേ, ഡോക്ക്, ഇൻഷ്വറൻസ്, ഫയർ, പിസിബി, സർട്ടിഫിക്കറ്റുകൾക്ക് സാധുതയില്ലെങ്കിൽ ബോട്ട് ഓടിക്കരുത് എന്ന് വ്യക്തമായി പറഞ്ഞിട്ടുണ്ട്. നിലവിൽ ഇൻഷ്വറൻസ്, ഫയർ, പിസിബി, സർട്ടിഫിക്കറ്റുകൾ ഹാജരാക്കിയിട്ടില്ല. അംഗീകാരമുള്ള ജാക്കറ്റുകൾ പോലും ജങ്കാറിൽ ലഭ്യമല്ല എന്നും സർട്ടിഫിക്കറ്റിൽ സൂചിപ്പിച്ചിട്ടുണ്ട്. മാത്രവുമല്ല, ജങ്കാറിലെ തൊഴിലാളികളുടേയോ, തൊഴിൽ ഉടമയുടേയോ തൊഴിൽ നികുതിയും അടവാക്കുന്നില്ല. അതുപോലെ കരാറിലെ 14 നമ്പർ വ്യവസ്ഥ പ്രകാരം ലേലം താൽക്കാലികമായി സ്ഥിരപ്പെടുത്തിയാൽ ഉടൻ ലേലം കൊണ്ടയാൾ ലേല സംഖ്യ ഒന്നായി പഞ്ചായത്തിൽ ഒടുക്കു വരുത്തേണ്ടതാണ്. എന്നാൽ 4,18,000/- രൂപ ആറ് തവണകളായാണ് ലേലത്തുക അടച്ചു തീർത്തിട്ടുള്ളത്. ഇതും കരാർ വ്യവസ്ഥകളുടെ ലംഘനമാണ്. മേൽ വിഷയത്തിൽ വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം - 11/05.12.2024 ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത മറുപടി പ്രകാരം ഗ്രൂപ്പ് ആക്സിഡന്റ് പോളിസി 01.02.2025 വരെയും, ഫയർ സേഫ്റ്റി സർട്ടിഫിക്കറ്റ് 24.01.25 വരെയും പുതുക്കിയത് സമർപ്പിച്ചിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. ഒരു വർഷത്തെ കാലാവധിക്ക് നൽകുന്ന മേൽ സർട്ടിഫിക്കറ്റുകൾക്ക് 01-25 വരെയും, 02-2025 വരെയും, കാലാവധി ഉണ്ടെന്നതിൽ നിന്നും വ്യക്തമാകുന്നത്, ഓഡിറ്റ് വർഷം, അവസാന 3 മാസത്തോളം മാത്രമെ പ്രസ്തുത സർട്ടിഫിക്കറ്റുകളോടു കൂടി ജങ്കാർ സർവ്വീസ് നടത്തിയിട്ടുള്ളുവെന്നതാണ്. അതായത്, 2023-24 സാമ്പത്തിക വർഷത്തെ ആദ്യ 9 മാസവും മേൽ സുരക്ഷാ മാനദണ്ഡങ്ങളും, ബന്ധപ്പെട്ട വകുപ്പുകളുടെ സാക്ഷ്യ പത്രങ്ങളുമില്ലാതെയാണ് ജങ്കാർ സർവ്വീസ് നടത്തിയിട്ടുള്ളത്. 01.02.2024-ൽ അവസാനിച്ച പബ്ലിക് ലയബിലിറ്റി നോൺ ഇൻഡസ്ട്രീസ് പോളിസി സർട്ടിഫിക്കറ്റ് ഈ

തീയതിക്കു ശേഷം പുതുക്കിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. പുതുക്കിയ പി.സി.ബി.സർട്ടിഫിക്കറ്റും ഹാജരാക്കിയിട്ടില്ല.ആയത് ഗുരുതരമായ വീഴ്ചയാണ്.

*തട്ടാശ്ശേരി വള്ളക്കടവ് കടത്ത് -1*

കരാറിലെ 14 നമ്പർ വ്യവസ്ഥ പ്രകാരം ലേലം താൽക്കാലികമായി സ്ഥിരപ്പെടുത്തിയാൽ ഉടൻ ലേലം കൊണ്ടയാൾ ലേല സംഖ്യ ഒന്നായി പഞ്ചായത്തിൽ ഒടുക്കു വരുത്തേണ്ടതാണ്. എന്നാൽ 1,30,000/- രൂപ വിവിധ തീയതികളിലായി അഞ്ച് തവണകളായാണ് ലേലത്തുക അടച്ചു തീർത്തിട്ടുള്ളത്. ഇത് കരാർ വ്യവസ്ഥകളുടെ ലംഘനമാണ്.

*തട്ടാശ്ശേരി വള്ളക്കടവ് കടത്ത് -2*

കരാറിലെ 14 നമ്പർ വ്യവസ്ഥ പ്രകാരം ലേലം സ്ഥിരപ്പെടുത്തി 7 ദിവസത്തിനകം ലേലത്തുകയുടെ 5% വിലയുള്ള മുദ്രപ്പത്രത്തിൽ പഞ്ചായത്തുമായി കരാർ വെയ്ക്കേണ്ടതാണ്. അതുപ്രകാരം 1,20,000/- രൂപയ്ക്ക് ലേലം സ്ഥിരപ്പെടുത്തിക്കിട്ടിയ ശ്രീ.ഭദ്രൻ, വിളഞ്ഞകൊമ്പ് എന്നയാൾ 6,000/- രൂപയുടെ മുദ്രപ്പത്രത്തിൽ കരാർ വെയ്ക്കേണ്ടതാണ്. എന്നാൽ 500/- രൂപയുടെ മുദ്രപ്പത്രം മാത്രമാണ് ഫയലിൽ ഉള്ളത്. 5500/- രൂപയുടെ കുറവ്. ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ തട്ടാശ്ശേരി കടത്ത് -2 ലേലം കൊണ്ട ശ്രീ.ഭദ്രനോട് 5,500/- രൂപയുടെ മുദ്രപ്പത്രം സമർപ്പിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും മറുപടിയിൽ സൂചിപ്പിച്ചിട്ടുണ്ട്.

*തട്ടാശ്ശേരി വള്ളക്കടവ് കടത്ത് -3*

കരാറിലെ 14 നമ്പർ വ്യവസ്ഥ പ്രകാരം ലേലം താൽക്കാലികമായി സ്ഥിരപ്പെടുത്തിയാൽ ഉടൻ ലേലം കൊണ്ടയാൾ ലേല സംഖ്യ ഒന്നായി പഞ്ചായത്തിൽ ഒടുക്കു വരുത്തേണ്ടതാണ്. എന്നാൽ 1,41,000/- രൂപ വിവിധ തീയതികളിലായി മൂന്ന് തവണകളായാണ് ലേലത്തുക അടച്ചു തീർത്തിട്ടുള്ളത്. ഇത് കരാർ വ്യവസ്ഥകളുടെ ലംഘനമാണ്.

ജങ്കാർ കടത്തിന്റെയും,മേൽ രേഖപ്പെടുത്തിയ മറ്റ് 3 വള്ളക്കടവ് കടത്തുകളുടെയും ലേല തുക കരാർ വ്യവസ്ഥകൾക്കനുസൃതമായി ഈടാക്കിയിട്ടില്ലാത്തതിനാൽ ലേലം കൊണ്ട കരാറുകാരിൽ നിന്നും നിയമാനുസൃത പലിശ കൂടി ഈടാക്കി അടവു വരുത്തി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

യാത്രക്കാരുടെ ജീവനും സ്വത്തിനും സുരക്ഷ ഉറപ്പു വരുത്തുന്ന നടപടികളും, ജങ്കാർ, കടത്ത്

ലേലങ്ങൾക്ക് നിഷ്ക്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങളും കർശനമായി പാലിച്ചുകൊണ്ട് മാത്രം സർവ്വീസ് നടത്തേണ്ടതാണ്.

## 1-14 ലൈബ്രറി സെസ്സ് അടവാക്കിയില്ല

2023-24 ലെ വാർഷിക കണക്കിൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B9 പ്രകാരം 79,525/-രൂപ ലൈബ്രറി സെസ് ഇനത്തിൽ സർക്കാരിലേക്ക് അടയ്ക്കാനുണ്ട്. അതിൽ 77,833/- രൂപയും 2023-24 വർഷം പിരിച്ചെടുത്തതാണ്(RP 35 പ്രകാരം). യഥാസമയം ലൈബ്രറി സെസ്സ് ഒടുക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.13/05.12.2024-ന് മറുപടി ലഭ്യമാക്കിയില്ല. ലൈബ്രറി സെസ്സ് യഥാസമയം സർക്കാരിലേയ്ക്ക് ഒടുക്കിയില്ലെങ്കിൽ ആയത് സെക്രട്ടറിയുടെ ബാധ്യതയായി തീരുന്നതാണ്. ലൈബ്രറി സെസ്സ് സർക്കാരിലേയ്ക്ക് ഒടുക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-15 ക്വട്ടേഷൻ/ടെണ്ടർ ക്ഷണിക്കാതെ പർച്ചേസ് നടത്തുന്നു

മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ വിവിധ പദ്ധതികളിൽ വാർഷിക ആവശ്യകത പരിഗണിക്കാതെ വിവിധ സ്ഥാപനങ്ങളിൽ നിന്നും താഴെ ചേർക്കും പ്രകാരം രജിസ്റ്ററുകൾ, ബുക്കുകൾ, രസീത് ബുക്കുകൾ, പ്രിന്റഡ് രജിസ്റ്ററുകൾ എന്നിവ പല തവണകളായി പർച്ചേസ് ചെയ്തതിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ ജി.ഒ.(പി)നം.259/2010/ത.സ്വ.ഭ.വ./ 8.11.2010 പ്രകാരം 25,000 രൂപക്ക് മുകളിലുള്ള വാങ്ങലുകൾ ലിമിറ്റഡ് ടെണ്ടറിലൂടെയും 1,00,000/- രൂപക്ക് മുകളിലുള്ള വാങ്ങലുകൾ ഓപ്പൺ ടെണ്ടർ നടപടിയിലൂടെയുമാണ് നടത്തേണ്ടത്. എന്നാൽ ഇപ്രകാരം ടെണ്ടർ/ക്വട്ടേഷൻ നടപടികൾ സ്വീകരിക്കാത്തതു മൂലം കൂടുതൽ വിതരണക്കാരിൽ നിന്നും കുറഞ്ഞ നിരക്കിൽ വാങ്ങൽ നടത്താനുള്ള അവസരം ലഭ്യമായില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനം | പർച്ചേസ് ചെയ്ത ഇനം | തുക |
|---|---|---|---|
| | | | |

| | | | |
|---|---|---|---|
| 1 | STV Offset Press & Book Depot | OP Ticket, Medicine Cover, Registers | 61,550 |
| 2 | Johns Printing Work | Printed Registers | 36,660 |
| 3 | പനച്ചിപ്പറമ്പിൽ സ്റ്റോഴ്സ് | രജിസ്റ്ററുകളും ഓഫീസ് സ്റ്റേഷനറികളും | 38,210/- |

വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻകയറി (നം.19/6.12.24) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ഇത്തരം പർച്ചേസുകളിൽ വാർഷിക ആവശ്യകത പരിഗണിച്ച് ക്വട്ടേഷൻ/ടെണ്ടർ നടപടികളിലൂടെ വാങ്ങലുകൾ നടത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-16 എസ്റ്റിമേറ്റ്/ വാല്യുവേഷൻ ഇല്ലാതെ പ്രവൃത്തി നടത്തി

ഹെൽത്ത് ഗ്രാന്റ് വിനിയോഗിച്ച് മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ രോഗനിർണ്ണയ സൗകര്യവും അടിസ്ഥാന സൗകര്യങ്ങളും ഏർപ്പെടുത്തൽ (S0164/24) എന്ന പ്രോജക്ടിന്റെ ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

എ) എസ്റ്റിമേറ്റോ വാല്യുവേഷനോ ഇല്ലാതെ പ്രവൃത്തികൾ നടപ്പാക്കുന്നു.

മേൽ പ്രോജക്ടിന്റെ ഭാഗമായി താഴെപ്പറയുന്ന പ്രവർത്തികൾക്ക് സാങ്കേതിക ക്ഷമതയുള്ള ഉദ്യോഗസ്ഥന്റെ എസ്റ്റിമേറ്റോ വാല്യുവേഷനോ ഇല്ലാതെ കരാറുകാരൻ ഹാജരാക്കിയ ബില്ലിന്റെ അടിസ്ഥാനത്തിൽ തുക നൽകുകയാണ് ചെയ്തിരിക്കുന്നത്.

| ക്രമ നം. | ചെയ്ത പ്രവൃത്തി | പ്രവൃത്തി ചെയ്ത ആളുടെ പേര് | ലേബർ ചാർജ്ജ്/ മെറ്റീരിയൽ പർച്ചേസ് | ആകെ ചെലവഴിച്ച തുക, ബിൽ നം. |
|---|---|---|---|---|
| 1 | ലാബിന്റെ സീലിംഗ് മാറ്റി പുതിയത് സ്ഥാപിക്കുന്നതിന് | ശ്രീ.ഷിനു തങ്കപ്പൻ | 6000/-<br>10438/- | 16438/-, C032476471426/ 26.3.2024 |
| 2 | ലാബിൽ ഇൻവേർട്ടർ സ്ഥാപിക്കുന്നതിനുള്ള | ശ്രീ.ജയേഷ് കെ. | 6900/-<br>19844/- | 26744/-, C032484725038/ |

| | | | | |
|---|---|---|---|---|
| | ഇലക്ട്രിക് വർക്ക് | | | 29.3.24 |
| 3 | ഗേറ്റ് സ്ഥാപിക്കുന്നതിന് | ശങ്കർ എന്റർപ്രൈസസ് ശ്രീ.കെ.എസ്. കൃഷ്ണദാസ്(ക്വട്ടേഷൻ പ്രകാരം) | 20,000/-<br>29,147/- | 49147/-<br>C032484731121/ 29.3.24<br>C032484731122/ 29.3.24 |
| | | | ആകെ | 92329/- |

ബി) ചെലവിനാധാരമായ രേഖകൾ ഹാജരാക്കിയില്ല.

മേൽ പട്ടികയിലെ ക്രമനം 1 ലെ വർക്കുമായി ബന്ധപ്പെട്ട് 16,438/-രൂപ കൈപ്പറ്റിയ ശ്രീ.ഷിനു തങ്കപ്പൻ എന്നയാൾ ഹാജരാക്കിയ വൗച്ചറുകളിൽ ലേബർ ചാർജ്ജിനത്തിൽ 6,000/- രൂപയും മെറ്റീരിയൽസ് പർച്ചേസ് ചെയ്ത 4,265/-രൂപയുടെയും 701/- രൂപയുടെയും രണ്ട് ഇൻവോയ്സുകൾ ഉണ്ട്. എന്നാൽ ഇതിനുപുറമേ കോട്ടയത്തെ ഒരു സ്ഥാപനത്തിന്റെ 30,477/- രൂപയുടെ ഇൻവോയ്സിലെ ജി.എസ്.ടി മാത്രം ഉൾപ്പെട്ട ഭാഗം ഫയലിനൊപ്പം ഹാജരാക്കി ആയതിന്റ അടിസ്ഥാനത്തിൽ 5,472/- രൂപ ടിയാൾക്ക് അധികമായി നൽകിയിട്ടുണ്ട്. ആയത് ഈ പ്രോജക്ടിലെ ഏതു ചെലവുമായി ബന്ധപ്പെട്ട് നൽകിയതാണെന്ന് വ്യക്തമല്ല.

മേൽ പരാമർശങ്ങൾക്ക് ആവശ്യമായ രേഖകൾ സഹിതം വിശദീകരണം ലഭ്യമാക്കുവാൻ ഓഡിറ്റ് എൻക്വയറി (നം.21 /7.12.24) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ചെലവ് രേഖയില്ലാതെ നൽകിയ 5,472/ രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. എസ്റ്റിമേറ്റോ വാല്യൂവേഷനോ ഇല്ലാതെ പ്രവൃത്തി നടപ്പാക്കുന്നതിനായി ചെലവഴിച്ച 92,329/- രൂപയിൽ നിരാകരിച്ച തുക കിഴിച്ച് 86,857/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## <u>1-17 അഭയം മാനസിക ആരോഗ്യ പദ്ധതി- നിർവ്വഹണത്തിലെ അപാകങ്ങൾ</u>

മാനസിക രോഗം കൊണ്ട് ബുദ്ധിമുട്ടുന്ന രോഗികൾക്കും പരിചാരകർക്കുമുള്ള കൗൺസലിംഗ്, ക്ലാസ്സുകൾ എന്നിവ നടത്തൽ രോഗികൾക്കുള്ള മരുന്ന് വിതരണം സ്കൂളുകൾ, കോളേജുകൾ എന്നിവ കേന്ദ്രീകരിച്ച് ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ നടപ്പാക്കൽ എന്നിങ്ങനെയുള്ള

ലക്ഷ്യങ്ങളുമായി ഗ്രാമപഞ്ചായത്ത് 'അഭയം മെന്റൽ ഹെൽത്ത് പ്രോഗ്രാം' എന്ന പേരിൽ പ്രോജക്റ്റ് ആവിഷ്കരിച്ച് നടപ്പാക്കി. പ്രോജക്റ്റിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്റ്റിന്റെ പേര്, പ്രോജക്റ്റ് നം. | അഭയം മെന്റൽ ഹെൽത്ത് പ്രോഗ്രാം, S0030/24 |
| അടങ്കൽ | ₹2,00,000/-(വികസന ഫണ്ട്-ജനറൽ) |
| ചെലവ് | ₹1,75,572/- |
| ബിൽ നം./ തീയതി | BRN 835300 Dtd 24.11.2023, 93,989/-<br>BRN 475739 Dtd 24.03.2024, 47,583/-<br>BRN 94326 Dtd 24.03.2024, 34,000/- |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) |

ഫയൽ പരിശോധിച്ചതിൽ, ജൻഔഷധിയിൽ നിന്നും മാനസികാരോഗ്യ സംബന്ധമായ മരുന്നുകൾ വാങ്ങുന്നതിനും 2023 ഏപ്രിൽ മുതൽ സെപ്റ്റംബർ വരെയുള്ള കാലയളവിൽ എറണാകുളത്തെ Mental Health Care & Research Foundation (Mehac Foundation) എന്ന സ്ഥാപനത്തിന് ട്രാൻസ്പോർട്ടേഷൻ, ഭക്ഷണം, സോഷ്യൽ വർക്കർക്ക് ടി എ എന്നിങ്ങനെയുള്ള ഇനങ്ങളിലുമാണ് തുക ചെലവഴിച്ചിരിക്കുന്നത്. ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

എ) പദ്ധതി മാർഗ്ഗരേഖയിൽ ഉൾപ്പെടാത്ത ടി പ്രോജക്റ്റ് നടപ്പാക്കുന്നതിനായി സർക്കാരിൽ നിന്നും പ്രത്യേക അനുമതി ലഭിച്ചിട്ടുള്ളതായി കാണുന്നില്ല.

ബി) പദ്ധതിയുടെ ഗുണഭോക്താക്കൾ ആരെല്ലാമാണെന്നോ എപ്രകാരമാണ് നിർവ്വഹണം നടത്തിയിട്ടുള്ളതെന്നോ സംബന്ധിച്ച രേഖകൾ ഫയലിൽ ഇല്ല. കൺസൾട്ടേഷൻ നടത്തിയതിന്റെ വിവരങ്ങളോ സ്കൂൾ, കോളേജുകൾ എന്നിവ കേന്ദ്രീകരിച്ച് ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ നടത്തിയിട്ടുള്ളതിന്റെയോ രേഖകൾ ഫയലിൽ ഇല്ല.

സി) മാനസികാരോഗ്യവുമായി ബന്ധപ്പെട്ട് മരുന്നുകൾ ആരോഗ്യവകുപ്പ് മുഖേന ലഭ്യമാകുന്നുണ്ടെന്നിരിക്കെ ജില്ലാ മെഡിക്കൽ ഓഫീസറുടെ നോൺ അവയ് ലബിലിറ്റി

സർട്ടിഫിക്കേറ്റ് ഇല്ലാതെ പദ്ധതിയുമായി ബന്ധപ്പെട്ട് ജൻ ഔഷധിയിൽ നിന്നും 1,51,222/-രൂപയുടെ മരുന്നുകൾ പർച്ചേസ് ചെയ്തിട്ടുണ്ട്.

മേൽ അപാകതകൾക്ക് രേഖകൾ സഹിതം വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.17 /6.12.24) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. മതിയായ രേഖകളുടെയും വിശദീകരണത്തിന്റെയും അഭാവത്തിൽ പദ്ധതിക്കായി ചെലവഴിച്ച 1,75,572/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## <u>1-18 ഭവന പുനരുദ്ധാരണം-മുൻകൂർ കൈപ്പറ്റിയ ഗുണഭോക്താവ് നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല</u>

| | |
|---|---|
| പ്രോജക്റ്റിന്റെ പേര്, പ്രോജക്റ്റ് നം. | വീട് വാസയോഗ്യമാക്കൽ എസ് സി, S0094/24 |
| അടങ്കൽ | ₹7,00,000/-(എസ്.സി.പി.) |
| ചെലവ് | ₹3,00,000/- (എസ്.സി.പി.) |
| ബിൽ നം./ തീയതി | BRN 117874 Dtd 25.01.2024, 50,000/-<br>BRN 519229 Dtd 25.01.2024, 2,50,000/- |
| നിർവ്വഹണം | വി.ഇ.ഒ. |

ടി പദ്ധതിയിൽ വീട് വാസയോഗ്യമാക്കുന്നതിനായി 2023-24 സാമ്പത്തിക വർഷം ആദ്യ ഗഡുവായി 50,000/- രൂപ വീതം 6 ഗുണഭോക്താക്കൾക്ക് നൽകിയിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ, 4 ഗുണഭോക്താക്കൾ 2024-25 സാമ്പത്തിക വർഷം നിർമ്മാണം പൂർത്തീകരിച്ച് മുഴുവൻ തുകയും കൈപ്പറ്റിയിട്ടുണ്ടെങ്കിലും ശ്രീമതി ചന്ദ്രിക കുട്ടപ്പൻ, വാർഡ്-1, ശ്രീ.ബിബിൻ കുമാർ, വാർഡ്-2 എന്നീ ഗുണഭോക്താക്കൾ ഇപ്പോഴും നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.15 /6.12.24) ലഭ്യമാക്കിയ മറുപടിയിൽ, ശ്രീമതി ചന്ദ്രിക കുട്ടപ്പൻ എന്ന ഗുണഭോക്താവ് നിലവിൽ നിർമ്മാണം

പൂർത്തിയാക്കിയിട്ടുണ്ടെന്നും വാല്യുവേഷന്റെ അടിസ്ഥാനത്തിൽ ശേഷിക്കുന്ന തുക ഉടൻ നൽകുന്നതാണെന്നും അറിയിച്ചു. എന്നാൽ ശ്രീ.ബിബിൻ കുമാർ എന്ന ഗുണഭോക്താവിന്റെ ഭവനം പാടശേഖരത്തിന്റെ മധ്യത്തിലായതിനാൽ സാധനസാമഗ്രികൾ എത്തിക്കാൻ സാധിക്കാതിരുന്നതുമൂലം നിർമ്മാണം ആരംഭിക്കാൻ കഴിഞ്ഞിട്ടില്ലെന്നും ആയത് ഉടൻ ആരംഭിക്കുന്നതാണെന്നും അറിയിച്ചു. പ്രവൃത്തി പൂത്തീകരിച്ച് രേഖകൾ ഹാജരാക്കുന്നതു വരെ ടി ഗുണഭോക്താവിന് മുൻകൂറായി നൽകിയ 50,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-19 കാലിത്തീറ്റ/പാൽ സബ്സിഡി, ധാതുലവണ മിശ്രിതം നൽകൽ ഗുണഭോക്തൃലിസ്റ്റുകൾക്ക് ഗ്രാമസഭയുടെ അംഗീകാരം വാങ്ങിയില്ല

ഡയറി ഫാം ഇൻസ്ട്രക്റ്റർ നിർവ്വഹണം നടത്തിയ കാലിത്തീറ്റ വിതരണം (പ്രോജക്ട് നം.S0001/23-24), പാൽ സബ്സിഡി, (പ്രോജക്ട് നം.S0002/23-24), ധാതുലവണ മിശ്രിതം നൽകൽ (പ്രോജക്ട് നം.S0003/23-24) ഈ മൂന്ന് പദ്ധതികളിലും ഉപയോഗിച്ചിട്ടുള്ള ഗുണഭോക്തൃലിസ്റ്റുകൾ ഗ്രാമസഭ അംഗീകരിച്ചു നൽകിയതല്ല. പഞ്ചായത്തിലെ പാലേടം അപ്കോസ്, കാവാലം-കുന്നുമ്മ അപ്കോസ് എന്നീ രണ്ട് സൊസൈറ്റികളിൽ നിന്നും ഗുണഭോക്താക്കളുടെ ലിസ്റ്റ് വാങ്ങി യഥാക്രമം 19 പേർക്കും, 12 പേർക്കും ഭരണസമിതി തീരുമാനം 12(1) തീയതി 02.12.23, തീരുമാനം 1(4) തീയതി 18.05.2023 പ്രകാരം അംഗീകാരം നൽകുകയാണ് ചെയ്തിട്ടുള്ളത്. ഈ ലിസ്റ്റിന് ഗ്രാമസഭയുടെ അംഗീകാരം വാങ്ങിയിട്ടുണ്ടോയെന്നും, അംഗീകാരം വാങ്ങിയിട്ടില്ലെങ്കിൽ ആയതിന്റെ കാരണം വിശദമാക്കുവാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം - 12/05.12.2024 ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ആയതനുസരിച്ച് ഗുണഭോക്തൃലിസ്റ്റിന് ഗ്രാമസഭയുടെ അംഗീകാരം ലഭിച്ചിട്ടില്ലെന്നും, അംഗീകാരം ലഭ്യമാക്കാനാവശ്യപ്പെട്ട് ഭരണസമിതിയ്ക്ക് കത്ത് നൽകിയെന്നും അറിയിച്ചിട്ടുണ്ട്. ലിസ്റ്റിന് അംഗീകാരം ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

## 1-20 ലൈഫ് ഭവന നിർമ്മാണം-അഡ്വാൻസ് കൈപ്പറ്റി നിർമ്മാണം ആരംഭിക്കാത്ത ഗുണഭോക്താക്കളുടെ വിവരം

ഗ്രാമ പഞ്ചായത്തിലെ ലൈഫ് ഭവന പദ്ധതിയുമായി ബന്ധപ്പെട്ട രജിസ്റ്റർ പരിശോധിച്ചതിൽ മുൻ വർഷങ്ങളിലുൾപ്പെടെ അഡ്വാൻസ് കൈപ്പറ്റിയിട്ടുള്ള ഗുണഭോക്താക്കളിൽ ഇപ്പോഴും നിർമ്മാണം ആരംഭിച്ചിട്ടില്ലാത്ത ഗുണഭോക്താക്കളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേര് | വാർഡ് | കൈപ്പറ്റിയ തുക | മുൻകൂർ കൈപ്പറ്റിയ തീയതി |
|---|---|---|---|---|
| 1 | ഉണ്ണിക്കുട്ടൻ കെ.ജെ., കോട്ടൂർ | 3 | 40,000 | 26.10.2022 |
| 2 | നീതു മോഹൻ,തട്ടാരത്തറ | 10 | 40,000 | 28.3.2023 |
| 3 | പൊന്നമ്മ ശങ്കരൻ, പേരൂർ ലക്ഷം വീട് | 11 | 40,000 | 15.3.2023 |
| 4 | ഇന്ദു സജൻ, കുന്നേൽ | 11 | 40,000 | 28.3.2023 |
| 5 | രാജു കെ.കെ., രേഷ്മ ഭവൻ | 12 | 40,000 | 28.3.2023 |
| 6 | ആനന്ദവല്ലി, വളയംതറ | 7 | 40,000 | 25.5.2023 |

മേൽ പട്ടികയിലെ ഗുണഭോക്താളുടെ ഭവനനിർമ്മാണ പുരോഗതി സംബന്ധിച്ചും സ്വീകരിച്ച തുടർ നടപടികൾ സംബന്ധിച്ചും വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.14/06.12.2024) ലഭ്യമാക്കിയ മറുപടിയിൽ, മേൽ പട്ടികയിലെ ക്രമനം 5 ലെ ഗുണഭോക്താവ് ഭവനനിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതായി അറിയിച്ചു. മറ്റ് ഗുണഭോക്താക്കൾ സാമ്പത്തിക പ്രതിസന്ധി മൂലം നിർമ്മാണം ആരംഭിച്ചിട്ടില്ലായെന്നും വിവരം ഭരണസമിതിയെ അറിയിക്കുകയും ഗുണഭോക്താക്കൾക്ക് ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിന് കത്ത് നൽകിയിട്ടുണ്ടെന്നും അറിയിച്ചു. ടി ഗുണഭോക്താക്കളുടെ ഭവന

നിർമ്മാണം പൂർത്തിയാക്കുന്നതിനാശ്യമായ ഇടപെടലുകൾ ഭരണസമിതിയുടെ ഭാഗത്തു നിന്നും ഉണ്ടാവേണ്ടതാണ്.

## 1-21 ധനവിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല

സെക്രട്ടറി നടപ്പാക്കിയ ചുവടെ ചേർക്കുന്ന പ്രോജക്ടുകളിൽ ധനവിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

(എ) പ്രോജക്റ്റ് നം- S0192/24-ഐകെഎം മെമ്പർഷിപ്പ് ഫീസ്

അടങ്കൽ- 9,00,000(വികസനഫണ്ട്)

ചെലവ് -4,07,314/-(ബിൽ നം,തീയതി -3501538785/25.03.24)

ജി.ഒ.(എം.എസ്.) നം. 538/2024/LSGD/05.03.24 ഉത്തരവ് പ്രകാരം ഐ.കെ.എം. മെമ്പർഷിപ്പ് ഫീസ് ഇനത്തിൽ എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം. ന്റെ പേരിൽ നൽകിയ പ്രസ്തുത തുകയുടെ വിനിയോഗസാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

(ബി) ഐ.കെ.എം. ന് വിഹിതം നൽകൽ

പ്രോജക്റ്റ് നം- S0023/24

അടങ്കൽ 60,082/-( വികസനഫണ്ട്)

ചെലവ് -53,000/-(ബിൽ നം., തീയതി -3500173051/07.06.23)

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം. പേരിൽ നൽകിയ ടി തുകയുടെ കൈപ്പറ്റ് രസീത് ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. തുകയുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല.
ന്യൂനതയ്ക്ക് കാരണം ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (07/03.02.24) മറുപടി ലഭ്യമാക്കിയില്ല. ധന വിനിയോഗസാക്ഷ്യപത്രം ഹാജരാക്കാത്തതിനാൽ (എ), (ബി) എന്നീ പ്രോജക്ടുകളിലായി ആകെ 4,60,314/-(53000+407314) രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-22 നടപടി ക്രമങ്ങൾ പാലിക്കാതെ പി.എച്ച്.സി. യിലേക്ക് മരുന്ന് വാങ്ങുന്നു

മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ പ്രാഥമിക ആരോഗ്യ കേന്ദ്രത്തിലേയ്ക്ക് മരുന്ന് വാങ്ങൽ(S0029/24) എന്ന പദ്ധതി പ്രകാരം 2023-24 സാമ്പത്തിക വർഷത്തിൽ 3,99,037/-രൂപയുടെ മരുന്നുകൾ ജൻഔഷധിയിൽ നിന്നും പർച്ചേസ് ചെയ്തിട്ടുണ്ട്. എന്നാൽ ജില്ലാ മെഡിക്കൽ ഓഫീസറുടെ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ്, KMSCL ൽ പ്രസ്തുത മരുന്നുകൾ ലഭ്യമല്ലെന്ന സാക്ഷ്യപത്രം എന്നിവ ഇല്ലാതെയാണ് മരുന്നുകൾ പർച്ചേസ് ചെയ്തിരിക്കുന്നത്. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ഉത്തരവ് (കൈ) നം-115/2022/ത.സ്വ.ഭ.വ, തീയത് 28.05.2022 പ്രകാരമുള്ള വാർഷിക പദ്ധതികളുടെ മാർഗ്ഗരേഖയിലെ ഖണ്ഡിക 7.6.4പ്രകാരം തദ്ദേശസ്ഥാപനങ്ങൾ ജില്ലാ മെഡിക്കൽ ഓഫീസറുടെ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റില്ലാതെ മരുന്നുകൾ വാങ്ങാനോ മരുന്നിനുവേണ്ടി തുക ചെലവഴിക്കാനോ പാടില്ലായെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. അലോപ്പതി മരുന്നുകൾ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വഴി മാത്രം വാങ്ങുന്നതിനും ഇതിനു കാലതാമസം ഉണ്ടായാൽ കാരുണ്യ ഫാർമസിയിൽ നിന്നും വാങ്ങാനും നിർദ്ദേശമുണ്ട്. ഇതിനും കാലതാമസം വന്നാൽ സപ്ലൈകോ, നീതിസ്റ്റോർ, ജൻ ഔഷധി എന്നിവിടങ്ങളിൽ നിന്നും അത്യാവശ്യമരുന്നുകൾ വാങ്ങാവുന്നതാണ്. മെഡിക്കൽ ഓഫീസർ നടപ്പിലാക്കിയ മരുന്നുവാങ്ങൽ പ്രോജക്ടുകളിൽ ഈ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല. ജില്ലാ മെഡിക്കൽ ഓഫീസറിൽ നിന്നും കേരള സംസ്ഥാന മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്നും മരുന്നുകൾ ലഭ്യമല്ല എന്ന വിവരം ഉറപ്പാക്കാനുള്ള നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് വാങ്ങാതെയാണ് ജൻ ഔഷധിയിൽ നിന്നം മരുന്നുകൾ പൂർണ്ണമായും വാങ്ങിയത്. ഇത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം.22 /7.12.24) ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മരുന്നുകൾ വാങ്ങുന്നതിൽ സർക്കാർ മാനദണ്ഡങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

## 1-23 MGNREGS-ഭാഗികമായി ചെയ്ത പ്രവൃത്തിക്ക് എസ്റ്റിമേറ്റ് പ്രകാരമുള്ള മുഴുവൻ തൊഴിൽ ദിനവും അനുവദിച്ചു

PWD മുതൽ 8 ൽ ചിറ വരെ റോഡ്കോൺക്രീറ്റിംഗ് (വാർഡ് -6) ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പ്രകാരം 193 മീറ്റർ നീളത്തിലും, 1 മീറ്റർ വീതിയിലും 15 Cm. കനത്തിലും കപാറിമക്ക് വിരിച്ച് അതിന് മുകളിൽ 15 Cm. കനത്തിൽ കോൺക്രീറ്റ് ചെയ്യുക എന്നതായിരുന്നു. എസ്റ്റിമേറ്റ് പ്രകാരം

മേൽ രേഖപ്പെടുത്തിയ അളവിൽ 28.95 $M^3$ അളവിൽ കാറിമക്ക് വിരിക്കലും കോൺക്രീറ്റും ചെയ്യേണ്ടതായിരുന്നു. എന്നാൽ പ്രവൃത്തി നിർവ്വഹിച്ചപ്പോൾ 86.80 മീറ്റർ നീളത്തിൽ 17.69 $M^3$ പ്രവൃത്തി മാത്രമാണ് നിർവ്വഹിച്ചത്. എന്നാൽ തൊഴിലാളികൾക്ക് തൊഴിൽ ദിനങ്ങൾ അനുവദിച്ചു നൽകിയപ്പോൾ എസ്റ്റിമേറ്റ് പ്രകാരമുള്ള അളവിന് അനുവദിച്ചിരുന്ന മുഴുവൻ തൊഴിൽ ദിനങ്ങളും അനുവദിച്ചത് മൂലം ചുവടെ ചേർക്കും പ്രകാരം അധിക ചെലവുണ്ടായി. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ഇനം/ നിരക്ക് | $1m^3$ ന് ആവശ്യമായ മനുഷ്യദിനം /തുക | എസ്റ്റിമേറ്റ് പ്രകാരം 28.95 $M^3$ ന് നൽകിയിരുന്ന മനുഷ്യദിനം./ തുക | അളവുപുസ്തകം പ്രകാരം നിർവ്വഹിച്ച 17.69 $M^3$ന് നൽകാവുന്ന മനുഷ്യദിനം ./ തുക | നൽകിയ തുക. | അധികം അനുവദിച്ച തുക. |
|---|---|---|---|---|---|
| മേസൺ / 1000/- രൂപ | 0.10 / 100/-രൂപ | 2.895/ 2895/- | 1.769 / 1769/- | 12654/- | 1285/- (12654 - 11369) |
| ബെൽഡർ /333/- | 1.63 / 543/- | 47.1885 15713/- | 28.83 / 9600/- | | |
| ബിസ്തി / 800/- | 0.70/ 560/- | 20.265 / 16212/- | 12.38 / 9904/- | 14400/- | 4496/- |
| | | | | ആകെ | 5778/- രൂപ |

അപാകതകൾ സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (5/03.12.24) ലഭ്യമാക്കിയ മറുപടിയിൽ അധികം നൽകിയ തുക തിരികെ ഈടാക്കി അടയ്ക്കുന്നതാണെന്നാണ് അറിയിച്ചിട്ടുള്ളത്. അധികം നൽകിയ തുക തിരികെ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. അല്ലാത്ത പക്ഷം അക്രെഡിറ്റഡ് എൻജിനീയറുടെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.

## 1-24 ഇൻഷ്വറൻസ് പോളിസി എടുക്കാത്ത കരാറുകാരിൽ നിന്നും പിഴ ഈടാക്കിയില്ല

2022-23 മുതൽ മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് നടപ്പിൽ വരുത്തിയിട്ടുള്ള പ്രൈസ് -3 സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള Letter Of Acceptance ലെ Clause (6) പ്രകാരം കരാർ പ്രവൃത്തികൾ ഏറ്റെടുത്തിട്ടുള്ള കരാറുകാർ പ്രവൃത്തി ആരംഭിച്ച് 15 ദിവസത്തിനുള്ളിൽ കരാർ തുകയുടെ 0.5% മൂല്യമുള്ള തുകയ്ക്ക് (മിനിമം - 200000/- മാക്സിമം -500000/-) ഇൻഷുറൻസ് പോളിസി എടുത്തതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്. പോളിസി സർട്ടിഫിക്കറ്റ് ഹാജരാക്കാത്ത പക്ഷം കരാർ തുകയുടെ 0.2% നിരക്കിൽ ഫൈൻ ഈടാക്കേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ നടപ്പാക്കിയിട്ടുള്ള താഴെ പറയുന്ന മരാമത്ത് പ്രവൃത്തികളിൽ ഇത്തരത്തിൽ ഇൻഷ്വറൻസ് എടുത്തിട്ടുള്ളതിന്റെ പോളിസി സർട്ടിഫിക്കറ്റ് രേഖകളോ, ഫൈൻ ഈടാക്കിയതിന്റെ രേഖകളോ ഹാജരാക്കിയിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം., പ്രവർത്തിയുടെ പേര്, കരാറുകാരൻ | കരാർ തുക {PAC} | ഈടാക്കേണ്ട ഫൈൻ |
|---|---|---|---|
| 1 | പ്രോജക്ട് നം – S0129/24 7-ാം വാർഡിൽ പുളിമൂട്ടിൽ തോട് നവീകരണം ദേവസ്യ സെബാസ്റ്റ്യൻ | 178536/- | 357/- |
| 2 | പ്രോജക്ട് നം – S0130/24 13-ാം വാർഡിൽ 20 ൽ ആററുതീരം മുതൽ റോഡ് മുക്ക് വരെ തോട് | 89034/- | 178/- |

| | | | |
|---|---|---|---|
| | നവീകരണം<br>അനൂപ് തോമസ്സ് | | |
| 3. | പ്രോജക്റ്റ് നം – S0125/24<br>13-ാം വാർഡിൽ പുന്നമൂട് മുതൽ<br>കാട്ടിൽ ഷാപ്പ് വരെ തോട് നവീകരണം.<br>ശ്യാംകുമാർ വി.സി. | 133140/- | 266/- |
| 4. | പ്രോജക്റ്റ് നം – S0128/24<br>3-ാം വാർഡിൽ ആററുതീരം<br>മുതൽ തൈവേലി വരെ തോട് നവീകരണം.<br>മധുസൂദനൻ വി.പി. | 90403/- | 180/- |
| 5. | പ്രോജക്റ്റ് നം – S0132/24<br>3-ാം വാർഡിൽ യുവജന വായനശാല<br>മുതൽ മൂലേത്തറ വരെ തോട് നവീകരണം.<br>ശ്യാംകുമാർ വി.സി. | 133140/- | 266/- |
| | ആകെ | | 1247/- |

അപാകത സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (10/05.12.24) മറുപടി ലഭ്യമാക്കിയില്ല. തുക കരാറുകാരിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്. അല്ലാത്ത പക്ഷം നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.

## 1-25 അസിസ്റ്റന്റ് എൻജിനീയർ ഏറ്റെടുത്ത പ്രവൃത്തികളിൽ ഭൂരിഭാഗവും സ്പിൽ ഓവറാകുന്നു-ഗുണഭോക്താക്കൾക്ക് പദ്ധതി ആനുകൂല്യം വൈകുന്നതിന് കാരണമാകുന്നു

2023-24 വർഷം അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ഏറ്റെടുത്തതും, നടപ്പിലാക്കിയതും, സ്പിൽ ഓവറായതും, ഉപേക്ഷിച്ചതും, ക്യൂവിൽ പോയതുമായ പദ്ധതികളുടെ വിശദാംശങ്ങൾ 29.11.24 ലെ 01-ാം നമ്പർ ഓഡിറ്റ് എൻക്വയറിയിലൂടെ ആവശ്യപ്പെട്ടിരുന്നു. ആയതിന് ലഭ്യമാക്കിയ മറുപടി പരിശോധിച്ചതിന്റെയടിസ്ഥാനത്തിലുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഏറ്റെടുത്ത ആകെ പദ്ധതികളുടെ എണ്ണം. | അടങ്കൽ വെച്ച തുക (എല്ലാ ഫണ്ടുകളും ഉൾപ്പെടെ) | ചെലവഴിക്കാനായി ലഭ്യമായ തുക. (എല്ലാ ഫണ്ടുകളും ഉൾപ്പെടെ) | നടപ്പിലാക്കിയ പദ്ധതികളുടെ എണ്ണം | തൻവർഷം പൂർണ്ണമായും തുക ചെലവഴിച്ച് നടപ്പിലാക്കിയ പദ്ധതികളുടെ എണ്ണം | ചെലവഴിച്ച തുക | ഉപേക്ഷിക്കപ്പെട്ട പദ്ധതികളുടെ എണ്ണം | ക്യൂബിൽ ആയ പദ്ധതികൾക്കായി ചെലവഴിച്ച തുക | സ്പിൽ ഓവറായ പദ്ധതികളുടെ എണ്ണം | സ്പിൽ ഓവർ പദ്ധതികൾക്കായി 2024-25 വർഷം നീക്കി വെച്ച തുക |
|---|---|---|---|---|---|---|---|---|---|
| 59 | 1.3314 കോടി | 1.3314 കോടി | 22 | 17 | 55.1249 ലക്ഷം. | 18 | 0 | 24 | 76.47 ലക്ഷം. |

മേൽ വിവരങ്ങൾ പരിശോധിച്ചാൽ, 59 പദ്ധതികൾ ആവിഷ്ക്കരിച്ചതിൽ 22 പദ്ധതികൾ മാത്രമാണ് തൻവർഷം നടപ്പിലാക്കിയത്. ചെലവഴിക്കപ്പെട്ടത് 55.12 ലക്ഷം രൂപ. അതായത് ആകെ ചെലവിന്റെ 41.40% മാത്രം. 24 എണ്ണവും സ്പിൽ ഓവറായി അടുത്ത വർഷത്തേക്ക് മാറ്റി വെയ്ക്കപ്പെട്ടതായി കാണാം. 1.3314 കോടി രൂപ തൻ വർഷം അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായ പദ്ധതികൾക്കായി നീക്കി വെച്ചിരുന്നുവെങ്കിലും, അതിൽ 76.47 ലക്ഷം രൂപയും സ്പിൽ ഓവറായി അടുത്ത വർഷത്തേയ്ക്ക് മാറ്റി വെയ്ക്കപ്പെട്ടു. തൻവർഷം

പദ്ധതികൾ നടപ്പിലാകാത്തത് മൂലം, പദ്ധതിയുടെ ഗുണ ഫലങ്ങൾ ഗുണഭോക്താക്കൾക്ക് ലഭിക്കുന്നതിൽ കാലതാമസമുണ്ടായി എന്ന് മാത്രമല്ല, അടുത്ത വർഷം അത്രയും തുക അടുത്ത വർഷത്തെ പദ്ധതികൾ നടപ്പിലാക്കുന്നതിൽ കുറവുണ്ടാകുകയും ചെയ്യും. ആത്യന്തികമായി പഞ്ചായത്തിലെ ജനങ്ങൾക്ക് കിട്ടേണ്ട ആനുകൂല്യങ്ങളിൽ കുറവുണ്ടാകുകയും ചെയ്യു. പദ്ധതികൾ അതാത് വർഷം പൂർത്തീകരിക്കേണ്ടതും, സ്പിൽ ഓവറാകുന്നത് ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-26 ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ- കേരളത്തിലെ മാലിന്യ സംസ്കരണം ഹരിതകർമ്മസേനയിലൂടെ - അവലോകനം

### ഹരിത കർമ്മ സേനയുടെ ലക്ഷ്യം

സംസ്ഥാനത്തിന്റെ രൂക്ഷമായ മാലിന്യപ്രശ്നത്തിന് വികേന്ദ്രീകൃത രീതിയിൽ പരിഹാരം കാണുന്നതിനും മാലിന്യത്തെ വരുമാനമാക്കി മാറ്റുകയെന്ന ലക്ഷ്യത്തോടെയുമാണ് ഹരിത കർമ്മസേന രൂപീകരിക്കപ്പെട്ടിട്ടുള്ളത്. സംസ്ഥാനത്തിന്റെ സാഹചര്യത്തിന് അനുസൃതമായി മാലിന്യ ശേഖരണവും സംസ്കരണവും വികേന്ദ്രീകരിക്കുകയും അതോടൊപ്പം അവയിൽ നിന്ന് വരുമാനം ഉണ്ടാക്കുകയും ചെയ്യുക എന്നതാണ് അടിസ്ഥാന ലക്ഷ്യം.

### ഹരിത കർമ്മ സേനയുടെ പ്രവർത്തനം

2020 നവംബർ മാസം മുതലാണ് ഗ്രാമപഞ്ചായത്തിൽ ഹരിത കർമ്മ സേനയുടെ പ്രവർത്തനം ഊർജ്ജിതമായി തുടങ്ങിയത്. ഗ്രാമപഞ്ചായത്തിലെ 13 വാർഡുകളിലും രണ്ട് വീതം 26 ഹരിത കർമ്മ സേനാംഗങ്ങളെയാണ് നിയമിച്ചിട്ടുള്ളത്. അതാത് വാർഡുകളിൽ നിന്നും മാസാരംഭത്തിൽ അജൈവ മാലിന്യങ്ങൾ ശേഖരിച്ച് മിനി എം.സി.എഫിൽ സൂക്ഷിക്കുകയും അവിടെ നിന്നും പഞ്ചായത്തിൽ സ്ഥാപിച്ചിട്ടുള്ള പ്രധാന എം.സി.എഫിൽ എത്തിച്ച് മാസാവസാനം തരംതിരിച്ച് ക്ലീൻ കേരള കമ്പനിയ്ക്ക് കൈമാറുകയും ചെയ്യുന്നു. വീടുകളിൽ നിന്നും 50/-രൂപ നിരക്കിലും ചെറിയ വ്യാപാര സ്ഥാപനങ്ങളിൽ നിന്നും 100/-രൂപ നിരക്കിലും യൂസർ ഫീ ചുമത്തി വരുന്നു. കെൽട്രോണിന്റെ സാങ്കേതിക സഹായത്തോടെ എല്ലാ വീടുകളിലും സ്ഥാപനങ്ങളിലും സ്മാർട്ട് ഗാർബേജ് മോണിട്ടറിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിലൂടെ ഓരോ വാർഡിലേയും മാലിന്യ ശേഖരണവും യൂസർ ഫീ

കളക്ഷനും പഞ്ചായത്തിൽ നിന്നും നേരിട്ട് മോണിട്ടർ ചെയ്യുവാൻ സാധിക്കുന്നു. ഹരിത കർമ്മ സേനയുടെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനും നിരീക്ഷിക്കുന്നതിനും പഞ്ചായത്ത് തലത്തിൽ പ്രസിഡന്റ്, അസിസ്റ്റന്റ് സെക്രട്ടറി, വി.ഇ.ഒ., ആരോഗ്യ/ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ മുതലായ അംഗങ്ങൾ ഉൾപ്പെട്ട ഒരു സമിതി പ്രവർത്തിക്കുന്നു. ടി സമിതി ഓരോ മാസവും സേനയുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുകയും ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നു.

## സാമൂഹ്യ ബോധവത്ക്കരണം

മാലിന്യ സംസ്ക്കരണ രീതികളെക്കുറിച്ച് പൊതുജനങ്ങൾക്ക് അവബോധം സൃഷ്ടിക്കുന്നതിനായി പ്രചാരണ പരിപാടികൾ ഏറ്റെടുത്ത് നടപ്പാക്കിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്തും ഹരിതകർമ്മസേനയും വാർഡ് തലത്തിൽ ജനകീയ കാമ്പെയിനുകൾ നടത്തുകയും എല്ലാ വീടുകളിലും സ്ഥാപനങ്ങളിലും നോട്ടീസുകൾ വിതരണം നടത്തുകയും ചെയ്തിട്ടുണ്ട്. പഞ്ചായത്ത് പരിധിയിലുള്ള വ്യാപാരി വ്യവസായികൾക്ക് 2 തവണ മീറ്റിംഗുകൾ സംഘടിപ്പിച്ച് മാലിന്യ സംസ്ക്കരണത്തെക്കുറിച്ച് ബോധവത്ക്കരണം നടത്തിയിട്ടുണ്ട്. കൂടാതെ അയൽക്കൂട്ടതലങ്ങളിലൂടെയുള്ള പ്രചരണ പരിപാടികളിലൂടെയും ജനങ്ങളിൽ മാലിന്യ സംസ്ക്കരണ ശീലം വളർത്തുന്നതിന് സാധിച്ചിട്ടുണ്ട്. കുട്ടികളുടെ ഹരിതസഭ 2 തവണ നടത്തി കുട്ടികളിൽ മാലിന്യം വലിച്ചെറിയുന്നതിനെതിരെ ബോധവത്ക്കരണം നടത്തുന്നതിന് സാധിച്ചിട്ടുണ്ട്.

## പരിശീലനം

മാലിന്യം ശേഖരിക്കുന്നതിനും തരംതിരിക്കുന്നതിനും ഹരിത കേരള മിഷന്റെ നേതൃത്വത്തിൽ 3 ഘട്ടങ്ങളായുള്ള പരിശീലനം നൽകിയിട്ടുണ്ട്. കൂടാതെ എം.സി.എഫ് പരിപാലനത്തെക്കുറിച്ച് ഹരിതകർമ്മ സേനാംഗങ്ങൾക്ക് ബ്ലോക്ക് തലത്തിൽ അറിവും പരിശീലനവും ലഭിച്ചിട്ടുണ്ട്. കൂടാതെ ഓരോ വർഷവും ഹരിതകർമ്മ സേനാംഗങ്ങൾക്ക് മാലിന്യ സംസ്ക്കരണത്തെ സംവിധാനങ്ങളെ സംബന്ധിച്ച പരിശീലനം ബ്ലോക്ക് പഞ്ചായത്ത് മുഖേന നൽകി വരുന്നു. ഇതിനുപുറമേ വിവിധതരം കമ്പോസ്റ്റിംഗ് സംവിധാനങ്ങളെ പറ്റിയുള്ള പരിശീലനം കമ്പോസ്റ്റിംഗ് വിതരണ ഏജൻസി മുഖേന ലഭിച്ചിട്ടുണ്ട്. ഫയർ ഫോഴ്സിന്റെ നേതൃത്വത്തിൽ

ഫയർ എക്സ്റ്റിംഗ്യൂഷറുമായി ബന്ധപ്പെട്ട പരിശീലനവും ലഭിച്ചിട്ടുണ്ട്. പിന്നീട് സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗുമായി ബന്ധപ്പെട്ട് കെൽട്രോണിന്റെ ട്രെയിനിംഗും ലഭിച്ചിരുന്നു.

## മാലിന്യ ശേഖരണത്തിലെ കാര്യക്ഷമത

ഹരിത കർമ്മ സേനയുടെ 2023-24 വർഷത്തെ കളക്ഷൻ റിപ്പോർട്ട് പ്രകാരം ഗ്രാമപഞ്ചായത്തിലെ 13 വാർഡുകളിലായി ഏകദേശം 3066 വീടുകളും 208 വ്യാപാര സ്ഥാപനങ്ങളും യൂസർ ഫീ നൽകി ഗ്രാമപഞ്ചായത്തിന്റെ മാലിന്യ ശേഖരണ യജ്ഞവുമായി സഹകരിക്കുന്നുണ്ട്. ഓരോ മാസവും ഏകദേശം 1.5 ടൺ പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിക്കുന്നുണ്ട്. മിനി എം സി എഫുകളിൽ ശേഖരിക്കുന്ന മാലിന്യങ്ങൾ പ്രധാന എം സി എഫിൽ എത്തിച്ച് വേർതിരിക്കുകയും ലെഗസി (എം.എൽ.പി) വേസ്റ്റുകൾ പ്രത്യേകം സൂക്ഷിക്കുകയും ചെയ്യുന്നു. ശുചിത്വ മിഷൻ അംഗീകരിച്ച വാർഷിക പ്രവർത്തന കലണ്ടർ പ്രകാരം പ്ലാസ്റ്റിക് വേസ്റ്റിനോടൊപ്പം തുണി, കുപ്പിച്ചില്ലുകൾ, പോളി എത്തിലിൻ പ്രിന്റിംഗ് ഷീറ്റുകൾ, ഇ-വേസ്റ്റ് മുതലായവ ഓരോ മാസവും റൊട്ടേഷൻ അനുസരിച്ച് വീടുകളിൽ നിന്നും കടകളിൽ നിന്നും ശേഖരിക്കേണ്ടതാണ്. എന്നാൽ എം.സി.എഫിന്റെ ശേഷിക്കുറവു മൂലം എല്ലാത്തരം മാലിന്യങ്ങളും ശേഖരിക്കുവാൻ സാധിച്ചിട്ടില്ല. തുണി മാലിന്യങ്ങൾ ഒരിക്കൽ മാത്രം ശേഖരിച്ചിരുന്നുവെങ്കിലും അതിലൂടെ വരുമാനം ഒന്നും ലഭിച്ചിട്ടില്ല. നിലവിൽ കഴുകി വൃത്തിയാക്കിയ പ്ലാസ്റ്റിക് കവറുകൾ മാത്രമാണ് ഹരിത കർമ്മ സേന വിവിധ വാർഡുകളിൽ നിന്നും ശേഖരിക്കുന്നത്. ഇത്തരത്തിൽ ശേഖരിക്കുന്ന മാലിന്യങ്ങൾ കൃത്യമായി തരംതിരിച്ച് ക്ലീൻ കേരള കമ്പനിയ്ക്ക് നൽകുന്നതിലൂടെ ഓരോ മാസവും നിശ്ചിത വരുമാനം ലഭിക്കുന്നു.

## മാലിന്യ നീക്കത്തിന് അടിസ്ഥാന സൗകര്യം.

വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ശേഖരിക്കുന്ന മാലിന്യങ്ങൾ തൊട്ടടുത്തുള്ള താല്കാലിക സംഭരണ കേന്ദ്രത്തിൽ എത്തിക്കുന്നതിന് ആവശ്യമായ 13 ട്രോളികൾ ഗ്രാമ പഞ്ചായത്ത് നൽകിയിട്ടുണ്ട്. ഹരിത കർമ്മസേനയ്ക്ക് ആവശ്യമായ സുരക്ഷാ ഉപകരണങ്ങൾ പഞ്ചായത്ത് മുഖേന നൽകിയിട്ടുണ്ട്. മിനി എം.സി.എഫുകളിൽ ശേഖരിച്ച മാലിന്യങ്ങൾ എത്തിക്കുന്നതിന് ഗ്രാമ പഞ്ചായത്തിന് സ്വന്തമായി ഇലക്ട്രിക് വാഹനം ഉണ്ട്. വാഹനം ഓടിക്കുന്നതിനായി ഹരിതകർമ്മ സേനാംഗങ്ങൾക്ക് പരിശീലനം നൽകി വരുന്നു. 2-ാം വാർഡിൽ പഞ്ചായത്തിന്റ ഉടമസ്ഥതയിലുള്ള കളി സ്ഥലത്തിനോട് ചേർന്ന് നിർമ്മിച്ച

കെട്ടിടത്തിലാണ് പ്രധാന എം.സി.എഫ് പ്രവർത്തിക്കുന്നത്. നിലവിൽ ശുചിത്വമിഷൻ അംഗീകരിച്ച വാർഷിക പ്രവർത്തന കലണ്ടർ പ്രകാരമുള്ള മറ്റ് മാലിന്യങ്ങൾ ശേഖരിക്കുവാൻ സാധിക്കുന്നില്ല.

**<u>മെറ്റീരിയൽ കളക്ഷൻ</u>**

വിവിധ വാർഡുകളിൽ നിന്നും പ്രതിമാസം 1.5 ടണ്ണോളം പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിക്കുന്നുണ്ട്. നിലവിൽ എല്ലാ വാർഡിലും ഒരോ മിനി എം.സി.എഫ് വീതമുണ്ട്. വരും വർഷങ്ങളിൽ എല്ലാ വാർഡിലും ഓരോ മിനി എം.സി.എഫുകൾ കൂടി സ്ഥാപിക്കുന്നത് പരിഗണനയിലുണ്ട്. ഹരിത കർമ്മ സേനയുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് തദ്ദേശ സ്വയംഭരണ വകുപ്പ് പുറത്തിറക്കിയ 12.08.2020-ലെ സ.ഉ (സാധാ) നം.1496/2020/ത.സ്വ.ഭ.വ തീയതി പ്രകാരം കുറഞ്ഞത് 1000 ച.അടി വിസ്തീർണ്ണമുള്ള എം.സി.എഫ് പഞ്ചായത്ത് തലത്തിൽ സ്ഥാപിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിച്ച് സൂക്ഷിക്കുന്നതിന് 240 ചതുരശ്ര അടി വിസ്തീർണ്ണത്തിലുള്ള ഒരു പ്രധാന എം.സി.എഫ് 2-ാം വാർഡിൽ പ്രവർത്തിച്ചു വരുന്നു. എന്നാൽ ബെയ് ലിംഗ് യൂണിറ്റ്, ഷ്രെഡിംഗ് യൂണിറ്റ് എന്നിവ ഇല്ല. പ്രധാന എം.സി.എഫിന്റെ സ്ഥലപരിമിതി മൂലം ശുചിത്വ മിഷൻ അംഗീകരിച്ച വാർഷിക പ്രവർത്തന കലണ്ടർ പ്രകാരം പ്ലാസ്റ്റിക് വേസ്റ്റിനോടൊപ്പം തുണി, കുപ്പിച്ചില്ലുകൾ, പോളി എത്തിലിൻ പ്രിന്റിംഗ് ഷീറ്റുകൾ, ഇ-വേസ്റ്റ് മുതലായവ ഓരോ മാസവും റൊട്ടേഷൻ അനുസരിച്ച് വീടുകളിൽ നിന്നും കടകളിൽ നിന്നും ശേഖരിക്കുന്നതിനുള്ള നടപടികൾ നിലവിൽ ആരംഭിച്ചിട്ടില്ല. എംസി എഫ് വിപുലീകരിക്കുന്നതിന്റെ ഭാഗമായി 1500 ചതുരശ്ര അടി വിസ്തീർണ്ണത്തിലുള്ള പുതിയ കെട്ടിടം നിർമ്മിക്കുന്നതിനും ബെയ് ലിംഗ് യൂണിറ്റ് സ്ഥാപിക്കുന്നതിനുമുള്ള പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്.

**<u>കൺസോർഷ്യത്തിന്റെ പ്രവർത്തനം.</u>**

പഞ്ചായത്തിലെ 26 ഹരിത കർമ്മ സേന പ്രവർത്തകരെ ഏകോപിപ്പിച്ച് ഹരിതകർമ്മസേന കൺസോർഷ്യം രൂപീകരിച്ചിട്ടുണ്ട്. ഹരിതസേനയുടെ കീഴിൽ വരുന്ന ദൈനദിന പ്രവർത്തനങ്ങൾക്ക് ദിശാബോധം നൽകുന്നതിനും നിയന്ത്രിക്കുന്നതിനും വേണ്ടിയാണ് ഹരിതകർമ്മസേന കൺസോർഷ്യം രൂപീകരിച്ചിട്ടുള്ളത്. അജൈവ മാലിന്യ ശേഖരണം മുതൽ തരംതിരിച്ച് വിപണനം നടത്തുന്നതുവരെയുള്ള വിവിധ പ്രവർത്തനങ്ങളെ

ഏകോപിപ്പിക്കുകയും ഹരിത സംരംഭകർക്ക് മെച്ചപ്പെട്ട വരുമാനം ഉറപ്പാക്കുകയുമാണ് ഹരിത കർമ്മ സേന കൺസോർഷ്യത്തിന്റെ പ്രധാന കർത്തവ്യം. കൺസോർഷ്യത്തിന്റെ നോഡൽ ഓഫീസർ അസിസ്റ്റന്റ് സെക്രട്ടറിയും ചാർജ് ഓഫീസർ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറുമാണ്. ഗ്രാമപഞ്ചായത്തിലെ സേനയുടെ പ്രവർത്തനം സംബന്ധിച്ച് 2023-24 വർഷം എല്ലാ മാസവും അവലോകന യോഗങ്ങൾ നടത്തിയിട്ടുണ്ട്. കൺസോർഷ്യത്തിന്റെ നേതൃത്വത്തിൽ ഓരോ മാസവും യൂസർ ഫീ കളക്ഷനായി ലഭിക്കുന്ന തുകയുടെ 10% കൺസോർഷ്യത്തിന്റെ കോർപ്പസ് അക്കൗണ്ടിൽ സൂക്ഷിക്കുകയും ബാക്കി തുക അംഗങ്ങൾക്ക് തുല്യമായി വീതിച്ചു നൽകുകയും ചെയ്യുന്നു. സേനയിലെ ഓരോ അംഗത്തിനും പ്രതിമാസം ശരാശരി 5,100/- രൂപ വേതനം ലഭിക്കുന്നു. കൺസോർഷ്യത്തിന്റെ ഫെഡറൽ ബാങ്ക് അക്കൗണ്ടിലെ നിലവിലെ നീക്കിയിരുപ്പ് 2,02,015/- രൂപയാണ്. ടി തുകയിൽ നിന്നും അംഗങ്ങൾക്ക് ഫെസ്റ്റിവൽ അലവൻസ്, താല്ക്കാലിക വായ്പ എന്നിവ നൽകി വരുന്നു.

**<u>കൺസോർഷ്യം മുഖേനയുള്ള സംരംഭക യൂണിറ്റുകൾ</u>**

ഗ്രാമ പഞ്ചായത്തിൽ നിലവിൽ കൺസോർഷ്യം മുഖേനയുള്ള സംരംഭക യൂണിറ്റുകൾ ഒന്നും ആരംഭിച്ചിട്ടില്ല. കാറ്ററിംഗ് യൂണിറ്റുകൾക്കാവശ്യമായ ഗ്ലാസ്സുകളും പ്ലേറ്റുകളും വിതരണം ചെയ്യുന്നതിനുള്ള സംരംഭം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതായി അറിയിച്ചു.

**<u>ഓഡിറ്റിന്റെ നിഗമനം / ശുപാർശ</u>**

കൺസോർഷ്യത്തിന്റെ കീഴിൽ ക്യാരിബാഗ് ഉല്പാദന യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കാവുന്നതാണ്. ഗാർഹിക ബയോബിൻ വിതരണം കാര്യക്ഷമമായി നടക്കുന്ന സാഹചര്യത്തിൽ, കൺസോർഷ്യം മുഖേന ഇനോക്കുലം നിർമ്മിച്ച് വീടുകളിൽ എത്തിച്ച് നൽകുന്നതിനുള്ള സാധ്യത പരിശോധിക്കാവുന്നതാണ്. പുനരുപയോഗ്യമല്ലാത്ത ലെഗസി മാലിന്യങ്ങളുടെ ഉല്പാദനവും ഉപയോഗവും നിർത്തലാക്കുന്നതിന് സർക്കാർ തലത്തിൽ ആവശ്യമായ നടപടി സ്വീകരിക്കുക. ഇവയുടെ ഉപയോഗം മൂലം ഉണ്ടാകുന്ന ആരോഗ്യ, പാരിസ്ഥിതിക പ്രശ്നങ്ങളെപ്പറ്റി ജനങ്ങളെ ബോധവാന്മാരാക്കുക. ഇപ്രകാരം നടപടികൾ സ്വീകരിച്ച് ഹരിത കേരള മിഷന്റെ പ്രഖ്യാപിത ലക്ഷ്യമായ മാലിന്യങ്ങളുടെ ഉൽപ്പാദനം

കുറയ്ക്കുക, പുനരുപയോഗം വർദ്ധിപ്പിക്കുക, പുന:ചംക്രമണത്തിലൂടെ മറ്റ് ഉൽപ്പന്നങ്ങളാക്കി മാറ്റുക എന്നിവ നടപ്പാക്കുക വഴി സീറോ വേസ്റ്റ് (മാലിന്യം പൂർണ്ണമായി ഇല്ലാതാക്കുക) എന്ന ലക്ഷ്യം പൂർത്തീകരിക്കുന്നതിന് പഞ്ചായത്തിന്റെ ഭാഗത്തു നിന്നും ചിട്ടയായതും നിരന്തരവുമായ ഇടപെടലുകൾ നടത്തേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 തൊഴിൽ നികുതി അടവാക്കിയില്ല

തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ 2023-24 വർഷം, സാമ്പത്തിക വർഷം ചുവടെ ചേർത്തിട്ടുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നമ്പർ | പേര് | അർദ്ധ വർഷം | ജീവനക്കാരുടെ എണ്ണം * | അടയ്ക്കാനുള്ള തുക * |
|---|---|---|---|---|
| 1. | ബഡ്സ് സ്ക്കൂൾ ഡ്രൈവർ | 1 & 2 | 1 | 2,500/- |
| 2. | പി.&ഫ്രാൻകോ ബ്രിക്സ് | 1 & 2 | 1 | 2,500/- |
| 3. | കോട്ടയ്ക്കൽ ആര്യ വൈദ്യശാല | 1 & 2 | - | - |
| 4. | ടോഡി ഷോപ്പ് (TS No.65) | 2 | 3 | 450 X 3 = 1350/- |
| | | | | |

| | | | | |
|---|---|---|---|---|
| 5. | ടോഡി ഷോപ്പ് (TS No.66) | 2 | 3 | 450 X 3 = 1350/- |
| 6. | ടോഡി ഷോപ്പ് (TS No.13) | 2 | 1 | 450/- |
| | ആകെ | | | 8,150/- |

*അടയ്ക്കാനുള്ള തുക, ജീവനക്കാരുടെ എണ്ണം എന്നിവ തിട്ടപ്പെടുത്തിയിരിക്കുന്നത് സ്ഥാപനം സൂക്ഷിച്ചിട്ടുള്ള തൊഴിൽ നികുതി രജിസ്റ്ററിനെ ആസ്പദമാക്കിയാണ്.

മേൽ വിഷയത്തിൽ വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം - 07/04.12.2024 ന് മറുപടി ലഭ്യമാക്കിയില്ല. അടയ്ക്കുവാനുള്ള തൊഴിൽ നികുതി ഈടാക്കി തനതു ഫണ്ടിൽ അടവാക്കേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 2-2 സ്ഥാപന തൊഴിൽ നികുതി അടക്കിയില്ല

സ്ഥാപന നികുതി രജിസ്റ്റർ പരിശോധിച്ചതിൽ 2023-24 വർഷം താഴെ ചേർത്തിട്ടുള്ള സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന നികുതി ഈടാക്കിയില്ല.

| ക്രമ നമ്പർ | സ്ഥപനത്തിന്റെ പേര് | അർദ്ധവർഷം | അടയ്ക്കാനുള്ള തുക* |
|---|---|---|---|
| 1. | കേരള ബാങ്ക് | 2 | 1,250/- |
| 2. | സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ | 1 & 2 | 2,500/- |
| 3. | കുട്ടനാട് നിധി | 1 & 2 | 2,500/- |
| 4. | മുളമൂട്ടിൽ ഫിനാൻസ് | 1 & 2 | 1,900/- (600/- രൂപ അടവാക്കിയിട്ടുണ്ട്) |
| 5. | മുളമൂട്ടിൽ ഫിനാൻസ് | 1 & 2 | 1,900/- (600/- രൂപ അടവാക്കിയിട്ടുണ്ട്) |
| | | | |

| | | | |
|---|---|---|---|
| 6. | മുളമൂട്ടിൽ ഫിനാൻസ് | 1 & 2 | 1,900/- (600/- രൂപ അടവാക്കിയിട്ടുണ്ട്) |
| 7. | മാവേലി സ്റ്റോർ | 1 & 2 | 2,500/- |
| 8 | കള്ള് ഷാപ്പ് TS No.71 | 1 & 2 | 2,500/- |
| 9 | കള്ള് ഷാപ്പ്TS No.72 | 1 & 2 | 2,500/- |
| 10 | കള്ള് ഷാപ്പ്TS No.65 | 1 & 2 | 2,500/- |
| 11 | കള്ള് ഷാപ്പ് TSNo.66 | 1 & 2 | 2,500/- |
| 12 | കള്ള് ഷാപ്പ്TS No.13 | 1 & 2 | 2,500/- |
| | ആകെ | | 26,700/- |

*അർദ്ധവാർഷിക വരുമാനം സംബന്ധിക്കുന്ന വിവരം സ്ഥാപനം ഹാജരാക്കാത്ത സംഗതിയിൽ പരമാവധി തൊഴിൽ നികുതി കണക്കാക്കിയാണ് ഒടുക്കേണ്ട തുക തയ്യാറാക്കിയത്.

മേൽ വിഷയത്തിൽ വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം - 08/04.12.2024 ന് മറുപടി ലഭ്യമാക്കിയില്ല. തുക ഈടാക്കി തനതു ഫണ്ടിൽ അടവാക്കേണ്ടതാണ്. അല്ലാത്ത പക്ഷം ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ ബാദ്ധ്യതയായി നിശ്ചയിക്കുന്നതാണ്.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

**3-1 ജി.എസ്.ടി മാത്രം രേഖപ്പെടുത്തിയ ബില്ലിന്റെ അടിസ്ഥാനത്തിൽ 5,472/- രൂപ നൽകി**

ഹെൽത്ത് ഗ്രാന്റ് വിനിയോഗിച്ച് മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ രോഗനിർണ്ണയ സൗകര്യവും അടിസ്ഥാന സൗകര്യങ്ങളും ഏർപ്പെടുത്തൽ (S0164/24) എന്ന പ്രോജക്ടിന്റെ ഫയൽ പരിശോധിച്ചതിൽ എസ്റ്റിമേറ്റോ വാല്യുവേഷനോ ഇല്ലാതെ പ്രവൃത്തികൾ നടപ്പാക്കി കരാറുകാരൻ ഹാജരാക്കിയ ബില്ലിന്റെ അടിസ്ഥാനത്തിൽ തുക നൽകുകയാണ് ചെയ്തിരിക്കുന്നത്.

ചുവടെ രേഖപ്പെടുത്തിയിട്ടുള്ള പട്ടികയിലെ പ്രവൃത്തിയുമായി ബന്ധപ്പെട്ട് 16,438/-രൂപ കൈപ്പറ്റിയ ശ്രീ.ഷിനു തങ്കപ്പൻ എന്നയാൾ ഹാജരാക്കിയ വൗച്ചറുകളിൽ ലേബർ ചാർജ്ജിനത്തിൽ നൽകിയ 6,000/- രൂപയുടെയും മെറ്റീരിയൽസ് പർച്ചേസ് ചെയ്ത ഇനത്തിലെ 4,265/-രൂപയുടെയും 701/- രൂപയുടെയും രണ്ട് ഇൻവോയ്സുകളും ആണ് ഉണ്ടായിരുന്നത്. എന്നാൽ ഇതിനുപുറമേ കോട്ടയത്തെ ഒരു സ്ഥാപനത്തിന്റെ 30,477/- രൂപയുടെ ഇൻവോയ്സിലെ ജി.എസ്.ടി മാത്രം ഉൾപ്പെട്ട തുകയ്ക്കുള്ള ഒരു ബില്ലും ഫയലിനൊപ്പം ഹാജരാക്കി ആയതിന്റ അടിസ്ഥാനത്തിൽ 5,472/- രൂപ നൽകിയിട്ടുണ്ട്.

| ക്രമ നം. | ചെയ്ത പ്രവൃത്തി | പ്രവൃത്തി ചെയ്ത ആളുടെ പേര് | ലേബർ ചാർജ്ജ്/ മെറ്റീരിയൽ പർച്ചേസ് | ആകെ ചെലവഴിച്ച തുക |
|---|---|---|---|---|
| 1 | ലാബിന്റെ സീലിംഗ് മാറ്റി പുതിയത് സ്ഥാപിക്കുന്നതിന് | ഷിനു തങ്കപ്പൻ | 6000/-<br>10438/- | 16438/-<br>C032476471426/<br>26.3.2024 |

മേൽ പരാമർശങ്ങൾക്ക് ആവശ്യമായ രേഖകൾ സഹിതം വിശദീകരണം ലഭ്യമാക്കുവാൻ ഓഡിറ്റ് എൻകചയറി (നം.21 /7.12.24) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ചെലവ് സാധൂകരിക്കുന്ന രേഖയില്ലാതെ നൽകിയ 5,472/ രൂപയുടെ ചെലവിനുള്ള ബിൽ ഓഡിറ്റിൽ

അംഗീകരിക്കുന്നില്ല. ഇപ്രകാരം നൽകിയ തുക ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

**3-2 MGNREGS-ഭാഗികമായി ചെയ്ത പ്രവൃത്തിക്ക് എസ്റ്റിമേറ്റ് പ്രകാരമുള്ള മുഴുവൻ തൊഴിൽ ദിനവും അനുവദിച്ചു**

ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പ്രകാരം 193 മീറ്റർ നീളത്തിലും, 1 മീറ്റർ വീതിയിലും 15 Cm. കനത്തിലും കാറിമക്ക് വിരിച്ച് അതിന് മുകളിൽ 15 Cm. കനത്തിൽ കോൺക്രീറ്റ് ചെയ്യുക എന്നതായിരുന്നു. എസ്റ്റിമേറ്റ് പ്രകാരം മേൽ രേഖപ്പെടുത്തിയ അളവിൽ 28.95 $M^3$ അളവിൽ കാറിമക്ക് വിരിക്കലും കോൺക്രീറ്റും ചെയ്യേണ്ടതായിരുന്നു. എന്നാൽ പ്രവൃത്തി നിർവ്വഹിച്ചപ്പോൾ 86.80 മീറ്റർ നീളത്തിൽ 17.69 $M^3$ പ്രവൃത്തി മാത്രമാണ് നിർവ്വഹിച്ചത്.എന്നാൽ തൊഴിലാളികൾക്ക് തൊഴിൽ ദിനങ്ങൾ അനുവദിച്ചു നൽകിയപ്പോൾ എസ്റ്റിമേറ്റ് പ്രകാരമുള്ള അളവിന് അനുവദിച്ചിരുന്ന മുഴുവൻ തൊഴിൽ ദിനങ്ങളും അനുവദിച്ചത് മൂലം ചുവടെ ചേർക്കും പ്രകാരം അധിക ചെലവുണ്ടായി. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ഇനം/ നിരക്ക് | $1m^3$ ന് ആവശ്യമായ മനുഷ്യദിനം /തുക | എസ്റ്റിമേറ്റ് പ്രകാരം 28.95 $M^3$ ന് നൽകിയിരുന്ന മനുഷ്യദിനം./ തുക | അളവുപുസ്തകം പ്രകാരം നിർവ്വഹിച്ച 17.69 $M^3$ന് നൽകാവുന്ന മനുഷ്യദിനം / തുക | നൽകിയ തുക | അധികം അനുവദിച്ച തുക. |
|---|---|---|---|---|---|
| മേസൺ / 1000/- | 0.10 / 100/-രൂപ | 2.895/ 2895/- | 1.769 / 1769/- | 12654/- | 1285/- (12654 - 11369) |

| | | | | | |
|---|---|---|---|---|---|
| രൂപ | | | | | |
| ബെൽഡർ /333/- | 1.63 / 543/- | 47.1885 15713/- | 28.83 / 9600/- | | |
| ബിസ്ലി / 800/- | 0.70/ 560/- | 20.265 / 16212/- | 12.38 / 9904/- | 14400/- | 4496/- |
| | | | | ആകെ | 5778/- രൂപ |

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻകയറിക്ക് (5/03.12.24) ലഭ്യമാക്കിയ മറുപടിയിൽ അധികം നൽകിയ തുക തിരികെ ഈടാക്കി അടയ്ക്കുന്നതാണെന്നാണ് അറിയിച്ചിട്ടുള്ളത്. അധികം നൽകിയ തുക തിരികെ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. അല്ലാത്ത പക്ഷം അക്രെഡിറ്റഡ് എൻജിനീയറുടെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.

## 3-3 ഇൻഷ്വറൻസ് പോളിസി എടുക്കാത്ത കരാറുകാരിൽ നിന്നും പിഴ ഈടാക്കിയില്ല

2022-23 മുതൽ മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് നടപ്പിൽ വരുത്തിയിട്ടുള്ള പ്രൈസ് -3 സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള Letter Of Acceptance ലെ Clause (6) പ്രകാരം കരാർ പ്രവൃത്തികൾ ഏറ്റെടുത്തിട്ടുള്ള കരാറുകാർ പ്രവർത്തി ആരംഭിച്ച് 15 ദിവസത്തിനുള്ളിൽ കരാർ തുകയുടെ 0.5% മൂല്യമുള്ള തുകയ്ക്ക് (മിനിമം - 200000/- മാക്സിമം -500000/-) ഇൻഷുറൻസ് പോളിസി എടുത്തതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്. പോളിസി സർട്ടിഫിക്കറ്റ് ഹാജരാക്കാത്ത പക്ഷം കരാർ തുകയുടെ 0.2% നിരക്കിൽ ഫൈൻ ഈടാക്കേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ നടപ്പാക്കിയിട്ടുള്ള താഴെ പറയുന്ന മരാമത്ത് പ്രവൃത്തികളിൽ ഇത്തരത്തിൽ ഇൻഷ്വറൻസ് എടുത്തിട്ടുള്ളതിന്റെ പോളിസി സർട്ടിഫിക്കറ്റ് രേഖകളോ, ഫൈൻ ഈടാക്കിയതിന്റെ രേഖകളോ ഹാജരാക്കിയിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം., പ്രവൃത്തിയുടെ | കരാർ തുക | ഈടാക്കേണ്ട ഫൈൻ |
|---|---|---|---|

| | | | |
|---|---|---|---|
| | പേര്, കരാറുകാരൻ | {PAC} | |
| 1 | പ്രോജക്റ്റ് നം – S0129/24<br>7-ാം വാർഡിൽ<br>പുളിമൂട്ടിൽ<br>തോട് നവീകരണം<br>ദേവസ്യ സെബാസ്റ്റ്യൻ | 178536/- | 357/- |
| 2 | പ്രോജക്റ്റ് നം – S0130/24<br>13-ാം വാർഡിൽ 20 ൽ<br>ആററുതീരം<br>മുതൽ റോഡ് മുക്ക് വരെ<br>തോട്<br>നവീകരണം<br>അനൂപ് തോമസ്സ് | 89034/- | 178/- |
| 3. | പ്രോജക്റ്റ് നം – S0125/24<br>13-ാം വാർഡിൽ പുന്നമൂട്<br>മുതൽ<br>കാട്ടിൽ ഷാപ്പ് വരെ തോട്<br>നവീകരണം.<br>ശ്യാംകുമാർ വി.സി. | 133140/- | 266/- |
| 4. | പ്രോജക്റ്റ് നം – S0128/24<br>3-ാം വാർഡിൽ<br>ആററുതീരം<br>മുതൽ തൈവേലി വരെ<br>തോട് നവീകരണം.<br>മധുസൂദനൻ വി.പി. | 90403/- | 180/- |

| | | | |
|---|---|---|---|
| 5. | പ്രോജക്ട് നം – S0132/24<br>3-ാം വാർഡിൽ യുവജന വായനശാല<br>മുതൽ മൂലേത്തറ വരെ തോട് നവീകരണം.<br>ശ്യാംകുമാർ വി.സി. | 133140/- | 266/- |
| | ആകെ | | 1247/- |

അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (10/05.12.24) മറുപടി ലഭ്യമാക്കിയില്ല. തുക കരാറുകാരിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്. അല്ലാത്ത പക്ഷം നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക്പഞ്ചായത്ത് | 2023-24 | 1,00,000 | അനുപൂരക പോഷകാഹാരം | 1,00,000 | 0 |
| ബ്ലോക്ക്പഞ്ചായത്ത് | 2023-24 | 1,39,320 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | 1,39,320 | 0 |

| | | | | | |
|---|---|---|---|---|---|
| ബ്ലോക്ക്പഞ്ചായത്ത് | 2023-24 | 10,59,500 | ലൈഫ്ഭവന നിർമ്മാണം- ജനറൽ | 1,05,500 | 0 |
| | | 17,60,000 | ലൈഫ്ഭവന നിർമ്മാണം- ജനറൽ2 | 17,60,000 | |
| ബ്ലോക്ക്പഞ്ചായത്ത് | 2023-24 | 4,30,000 | ലൈഫ്ഭവനപദ്ധതി (എസ് സി) | 4,30,000 | 0 |
| ബ്ലോക്ക്പഞ്ചായത്ത് | 2023-24 | 50,000 | അതിദരിദ്രലഘൂകരണം | 50,000 | 0 |
| ബ്ലോക്ക്പഞ്ചായത്ത് | 2023-24 | 3,94,317 | ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ | 3,94,317 | 0 |
| ബ്ലോക്ക്പഞ്ചായത്ത് | 2023-24 | 98,875 | പാലിയേറ്റീവ് കെയർ | 98,875 | |
| **ആകെ** | | 40,32,012 | | | |
| ജില്ലാ പഞ്ചായത്ത് | 2023-24 | 1,38,500 | അനുപൂരക പോഷകാഹാരവും റ്റി എച്ച് ആർ എസ്സും | 1,38,500 | 0 |
| ജില്ലാ പഞ്ചായത്ത് | 2023-24 | 77,110 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | 77,110 | 0 |
| ജില്ലാ പഞ്ചായത്ത് | 2023-24 | 4,70,000 | ലൈഫ് ഭവനപദ്ധതി(ജനറൽ) | 4,70,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2023-24 | 1,50,000 | എസ് സി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ | 1,50,000 | 0 |
| **ആകെ** | | 8,35,610 | | 8,35,610 | 0 |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ / വായ്പാതിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പതുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | ജി.ഒ 6872/22/ ഫിൻ/ 12.10.2022 ജി.ഒ. 1049/23/ ഫിൻ/13.02.2023 | 17,60,000 | 89,78,768 | 11,90,479 | ഇല്ല | 95,48,289 |

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 14,951/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തീയതി |
|---|---|---|---|---|
| 2021-22 | 1-21 | 2,067 | നിമ്മി ഷാജി, അസിസ്റ്റന്റ് എഞ്ചിനിയർ, എൽ.എസ്.ജി.ഡി. | 1230600040/23.05.23 |
| 2021-22 | 1-22 | 1,363 | നിമ്മി ഷാജി, അസിസ്റ്റന്റ് എഞ്ചിനിയർ, എൽ.എസ്.ജി.ഡി. | 1230600041/23.05.23 |
| 1996-97 | 1-25(2) | 2 | സെക്രട്ടറി | 1230600689/09.02.24 |
| 2022-23 | 1-18/ 3-2 | 1,200 | ജയമോഹൻ, എച്ച്.ഐ. | 1230600730/16.02.24 |
| 2022-23 | 1-21/3-4 1-22/3-5 | 5,009 | മധുസൂദനൻ, കോൺട്രാക്ടർ, എൽ.എസ്.ജി.ഡി. | 1230600703/12.02.24 |
| 2022-23 | 1-21/3-4 1-22/3-5 | 3,880 | റാണി ജോമോൻ, കോൺട്രാക്ടർ, എൽ.എസ്.ജി.ഡി. | 1230600704/12.02.24 |
| 2022-23 | 1-21/3-4 1-22/3-5 | 1,430 | ശ്യാംകുമാർ വി.സി., കോൺട്രാക്ടർ, എൽ.എസ്.ജി.ഡി. | 1230600705/12.02.24 |
| ആകെ | | 14,951 | | |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2004-05 | 3.4.1.3.2 | 2009-11 | 163 | പട്ടികജാതി കുടുംബങ്ങൾക്ക് സി.എഫ്.എൽ. ലാമ്പ് വിതരണം | കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഡി.സി.ആർ.ജി.യിൽ നിന്നും 40,400/- രൂപ അടവാക്കിയിട്ടുണ്ട്. |

## 4-8 ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം

ഈയിനത്തിൽ തൻവർഷം വരവൊന്നുമില്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

### എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 2,60,47,210 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 2,38,13,664 |
| വരവിനങ്ങളിലുള്ള നഷ്ടം | 35,100 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 12,497 |

| | |
|---|---|
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 7,72,743 |

## ബി) <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നത് | സർചാർജ്ജ് ചെയ്യാവുന്നത് | |
| 2-1 | 5,650 | | ശ്രീ.ക്ലീറ്റസ് ഇ., സെക്രട്ടറി |
| 2-1 | 2,500 | | ശ്രീമതി സബീന എസ്., സെക്രട്ടറി |
| 2-2 | 12,850 | | ശ്രീ.ക്ലീറ്റസ് ഇ., സെക്രട്ടറി |
| 2-2 | 14,100 | | ശ്രീമതി സബീന എസ്., സെക്രട്ടറി |
| 3-1 | | 5,472 | ഡോ.സംഗീത എസ്.വി., മെഡിക്കൽ ഓഫീസർ പി.എച്ച്.സി. |
| 3-3 | | 1,247 | ശ്രീമതി നിമ്മി ഷാജി അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | 35,100/- | 6,719/- | |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തടസ്സപ്പെടുത്തിയ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-16 | 86,857 | ഡോ.സംഗീത എസ്.വി., മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. |
| 1-17 | 1,75,572 | ഡോ.സംഗീത എസ്.വി., മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. |
| 1-18 | 50,000 | ശ്രീ.പ്രമോദ് എം.വി., വി.ഇ.ഒ. |
| 1-21 | 4,60,314 | 53,000/-ക്ലീറ്റസ്, സെക്രട്ടറി 4,07,314/-സിറോഷ് എസ്., സെക്രട്ടറി |
| ആകെ | 7,72,743 | |

സി) **കേന്ദ്ര - സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 5778 | ശ്രീമതി അശ്വതി എസ്., അക്രെഡിറ്റഡ് എൻജിനീയർ, എം.ജി.എൻ.ആർ.ഇ.ജി.എസ്. |

ഡി) **നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**ഇ) <u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ</u>**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ക്ലീറ്റസ് ഇ., സെക്രട്ടറി | സെക്രട്ടറി വയലാർ ഗ്രാമ പഞ്ചായത്ത് | ചിറ്റാത്ത്, ചെറിയപൊഴി കാട്ടൂർ, കലവൂർ പി.ഒ., ആലപ്പുഴ |
| ശ്രീമതി സബീന. എസ്., സെക്രട്ടറി | സെക്രട്ടറി കൃഷ്ണപുരം ഗ്രാമ പഞ്ചായത്ത് | ആലുംമൂട്ടിൽ, ചേരാവള്ളി, കായംകുളം പി.ഒ. ആലപ്പുഴ |
| ഡോ.സംഗീത എസ്.വി., മെഡിക്കൽ ഓഫീസർ പി.എച്ച്.സി. | മെഡിക്കൽ ഓഫീസർ പി.എച്ച്.സി., കാവാലം | തനൂജ മന്ദിരം, കടക്കാവൂർ പി.ഒ., തിരുവനന്തപുരം |
| ശ്രീമതി നിമ്മി ഷാജി | ശ്രീമതി നിമ്മി ഷാജി അസിസ്റ്റന്റ് എഞ്ചിനീയർ | പരുമൂട്ടിൽ ഹൗസ് രാജൻ നിവാസ് |

| | | |
|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | കാവാലം പഞ്ചായത്ത് | വലിയമരം വാർഡ് ആലപ്പുഴ |
| ശ്രീമതി അശ്വതി എസ്., അസിസ്റ്റന്റ് എഞ്ചിനീയർ എൻ.ആർ.ഇ.ജി.എസ് | അസിസ്റ്റന്റ് എഞ്ചിനീയർ എൻ.ആർ.ഇ.ജി.എസ്. കാവാലം പഞ്ചായത്ത് | പഞ്ചമിയിൽ നോർത്ത് ആര്യാട് പി.ഒ., ആലപ്പുഴ |
| ശ്രീ.കരൺ എം.ഡി., അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.കരൺ എം.ഡി., അസിസ്റ്റന്റ് സെക്രട്ടറി, എൽ.എസ്.ജി.ഡി., ജോയിന്റ് ഡയറക്ടറുടെ കാര്യാലയം, ആലപ്പുഴ | മുഴങ്ങയിൽ, കാട്ടൂർ, കലവൂർ പി.ഒ., ആലപ്പുഴ |

## 4-10 തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഒടുവിലത്തെ കത്തിടപാടുകളുടെ വിവരം |
|---|---|
| 1998-99 | അദാലത്ത് റിപ്പോർട്ട്-കെ.എസ്.എ-എ.എൽ.പി/പി10/ 1254/2022/04.05.2023 |
| 2000-2001 | അദാലത്ത് റിപ്പോർട്ട്-കെ.എസ്.എ-എ.എൽ.പി/പി.10/ 1254/2022 തീയതി :04.05.2023 |
| | |

| | |
|---|---|
| 2001-02 | അദാലത്ത് റിപ്പോർട്ട്-കെ.എസ്.എ-എ.എൽ.പി/പി.10/ 1254/2022 തീയതി : 04.05.2023 |
| 2004-05 (ചെലവ് ) | അദാലത്ത് റിപ്പോർട്ട്-കെ.എസ്.എ-എ.എൽ.പി/പി.10/ 1254/2022 തീയതി : 04.05.2023 |
| 2006-06 | അദാലത്ത് റിപ്പോർട്ട്-കെ.എസ്.എ-എ.എൽ.പി/പി.10/ 1254/2022/04.05.2023 |
| 2006-07 | അദാലത്ത് റിപ്പോർട്ട്-കെ.എസ്.എ-എ.എൽ.പി/പി.10/ 1254/2022/04.05.2023 |
| 2007-08 | അദാലത്ത് റിപ്പോർട്ട്-കെ.എസ്.എ-എ.എൽ.പി/പി. 10/ 1254/2022/04.05.2023 |
| 2008-09 | അദാലത്ത് റിപ്പോർട്ട്-കെ.എസ്.എ-എ.എൽ.പി/പി.10/ 1254/2022/04.05.2023 |
| 2009-2010 | അദാലത്ത് റിപ്പോർട്ട്-കെ.എസ്.എ-എ.എൽ.പി/പി.10/ 1254/2022/04.05.2023 |
| 2010-2011 | അദാലത്ത് റിപ്പോർട്ട്-കെ.എസ്.എ-എ.എൽ.പി/പി.10/ 1254/2022/04.05.2023 |
| 2011-2012 &2012-13 | അദാലത്ത് റിപ്പോർട്ട്-കെ.എസ്.എ-എ.എൽ.പി/പി.10/ 1254/2022/04.05.2023 |
| 2013-14 | അദാലത്ത് റിപ്പോർട്ട്-കെ.എസ്.എ-എ.എൽ.പി/പി.10/ 1254/2022/04.05.2023 |
| 2014-15 | അദാലത്ത് റിപ്പോർട്ട്-കെ.എസ്.എ-എ.എൽ.പി/പി.10/ 1254/2022/04.05.2023 |

| | |
|---|---|
| 2016-17 | അദാലത്ത് റിപ്പോർട്ട്- കെ.എസ്.എ-എ.എൽ.പി/പി.10/ 1254/2022/04.05.2023 |
| 2017-18 | അദാലത്ത് റിപ്പോർട്ട്- കെ.എസ്.എ-എ.എൽ.പി/പി.10/ 1254/2022/04.05.2023 |
| 2018-19 | കെ.എസ്.എ-എ.എൽ.പി-പി.10/789/2020 /11.01.2021 |
| 2019-2020 | കെ.എസ്.എ-എ.എൽ.പി-പി.10/333/2022 /27/03/2022 |
| 2020-2021 | കെ.എസ്.എ-എ.എൽ.പി-പി.10/334/2022 /20/05/2022 |
| 2021-22 | കെ.എസ്.എ-എ.എൽ.പി-പി.10/199/2023/ 29/03/2023 |
| 2022-23 | കെ.എസ്.എ-എ.എൽ.പി-പി.10/1410/2023/ 21/12/2023 |

തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

## Annexure-1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 2 dated 2 dated 20-06-2024 and submitted on 27-06-2024 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2024 and Balance sheet as on 31-03-2024 , with supporting forms, of the Kavalam Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2023-2024 and Financial position of Kavalam Grama Panchayat as on 31-03-2024

**Date: 24/12/2024** **Deputy Director**

**Kerala State Audit Department**

## Audit Report appended to the Audit Certificate of Kavalam Grama Panchayat for the Year 2023-2024.

### 1.Major Observations

NIL

### 2.Other Observations

1. Since the passbook/bank statement of following bank accounts were not produced for audit, the accuracy of closing balance cannot be verified.

(a)State Bank of India-(A /C No. 67094840410)

(b)State Bank of India-( A /C No. 67197510893)

(c) State Bank of India-(A /C No. 67312091657)

(d) Co- Operative Bank Account of Own Revenue Fund(A /C No. 40471047000002)

2.The DCB recorded in the following registers were not match with the figures in the AFS.

1). Report from Sanchaya software of property tax

2)License
3)Proffession Tax
3. The advance collection in respect of various auctions has not been accounted in the accrual basis. in the AFS
4.The following registers are not maintained properly
.Advance
.Deposit
.Loan
.Profession tax-traders
5. The outstanding amount of loan from KURDFC shown in B5 schedule differs from that of B16 shedule.

Deputy Director

# അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ കാവാലം ഗ്രാമപഞ്ചായത്തിന്റെ 2023-2024 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്